മെയ് 2011

# സുവിശേഷനാദം



മുളക്കുഴയിൽ സ്റ്റേറ്റ് ഓഫീസ് കോംപ്ലക്സിന്റെ പണി പുരോഗമിക്കുന്നു.

Vol. 31 Suviseshanadam No. 5

VOL. 31 ISSUE : 5 MAY 2011

# SUVISESHANADAM

PUBLISHED BY GOSPEL VOICE PUBLISHERS

## ഉള്ളടക്കം

3 സ്റ്റേറ്റ് ഓവർസിയറുടെ കത്ത്......................... പാസ്റ്റർ എം. കുഞ്ഞപ്പി

8 ഇത് പരിശുദ്ധാത്മ പകർച്ച .......................Rev. Douglas Le Roy

10 അത് സംഭവിക്കാറാകുമ്പോഴുള്ള ലക്ഷണം..........പാസ്റ്റർ കെ.എ. ഉമ്മൻ

12 അഭിഷേകം എന്തിന്?..........................പാസ്റ്റർ വിനോദ് ജയിക്കബ്

14 ഇതോ സഭായോഗം?................................പാസ്റ്റർ എ. റ്റി. ജോസഫ്

16 സ്വർഗ്ഗത്തിലെ അഞ്ച് പുസ്തകങ്ങൾ ...................ലിസ്സിയമ്മ മാത്യൂസ്

18 ബെഥേൽ മിനിസ്ട്രീസ് ഓഫ് ഇൻഡ്യാ ചാരിറ്റി ഡേ പ്രോഗ്രാം............

19 സഭാ വാർത്തകൾ..........................................................

22 കർത്തൃസന്നിധിയിൽ.....................................................

## വിശ്വാസ പ്രമാണം

1.വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും 3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽനിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നതിലും, സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും; 4. മനുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സിലാത്തവരായി തീർന്നു എന്നും, എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും, പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും; 5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും; 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസംമൂലവും ദൈവവചനംമൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും; 7. വിശുദ്ധി എന്നത് ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ജീവിത പ്രമാണമാകുന്നു എന്നുള്ളതിലും; 8. ഹൃദയ നിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും; 9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നൽകുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും, അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭ ലക്ഷണമാണെന്നുള്ളതിലും; 10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും; 11. യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ എല്ലാ മനുഷ്യർക്കും ദൈവിക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും; 12.കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും; 13. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചും, ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും, മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനുംവേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും; 14. ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു.

## FOREIGN REPRESENTATIVES

USA

N.Y. Abraham P. Abraham
Ph: 718-343-7462

N.Y. Koshy M. Varghese
Ph: 845-2678-373

N.Y. Prasad Mathew Ph: 585-467-4190

T.N. A.V. Daniel Ph: 423-899-3995

N.J. P. V. Mathew. Ph: 212-684-3450

Chicago: Pr. Mathai Samkutty
Ph: 847-329-7625

Chicago: Solomon Varghese
Ph: 847-816-0644

Dallas: A.V. Philipose. Ph: 972-289-7847

Dallas: Thomas George
Ph: 972-463-6469
Pr. Johnson Zacharia
Ph: 972-276-1158

Houston: Pr. Abraham Thomas
Ph: 281-998-9292

Tulsa: Pr. C. V. Zachariah
Ph: 918-357-1293

OK A. V. Abraham. Ph: 405-789-2773

GULF

Kuwait: C. Thomas Mathew
Ph: 00965-3923698
Mathew Daniel
Ph: 00965-4318417. M. 9584150
Samkutty Samuel
Ph: 00965-4805675. M. 9027606

Dubai: Varghese George
Ph: 009714-3370393

Oman: M. K. Thomas
Ph: 050-6730586, 655134

Muscat : M.P. Monikutty
Ph: 00968-99448408

## വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഇൻഡ്യയിൽ | 70 രൂപ |
| വിദേശത്തേക്ക് | |
| ഗൾഫ് മേഖല | 1000 രൂപ |
| U.S.A.യും മറ്റ് രാജ്യങ്ങളും | U.S.$ 25 |
| ആയുഷ്ക്കാല വരിസംഖ്യ | |
| ഇൻഡ്യയിൽ | 1000 രൂപ |
| വിദേശത്തേക്ക് | U.S.$ 250 |

***Chief Editor*** : **Evg. P. I. Abraham**
***Publisher :*** **Pr. K. A. Oommen**
***General Co-ordinator :*** **Rev. C.C.Thomas**
***Manager :*** **Bro. T. Yohannan**

ലേഖനങ്ങൾ, വാർത്തകൾ, പുതിയ വരിക്കാരുടെ അഡ്രസ്സ്, അഡ്രസ്സ് മാറ്റം, വരിസംഖ്യ, സംഭാവന എന്നിവ അയയ്ക്കേണ്ട വിലാസം :
**മാനേജർ, സുവിശേഷ നാദം,**
**മുളക്കുഴ പി. ഒ. – 689 505, കേരളാ സ്റ്റേറ്റ്**

**ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കു മാത്രമുള്ളതാണ്.**

# ഓവർസീയറും സഭാതലവും ഒരവലോകനം



**സഭാതലത്തിൽ** സ്റ്റേറ്റ്ഓവർസീയർ ഏറ്റവും അധികം മാനസിക ക്ലേശമനുഭവിക്കുന്ന പ്രധാനപ്പെട്ട രണ്ടു സമയങ്ങളാണ് സ്റ്റേറ്റ് ജനറൽ കൺവൻഷനും, കർത്തൃശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റവും. കൂടാതെ രണ്ടുവർഷത്തിൽ ഒരിക്കൽ വളരെ ശ്രദ്ധയോടെ ആരോപണങ്ങൾ ഉയരാതെ നടത്തേണ്ട സ്റ്റേറ്റ് കൗൺസിൽ ഇലക്ഷനും, കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിയ സ്റ്റേറ്റ് ബോർഡ് ഇലക്ഷനും. സ്റ്റേറ്റ് കൗൺസിൽ, സ്റ്റേറ്റ് ബോർഡ്, ഡിസ്ട്രിക്ട് പാസ്റ്റേഴ്സ്, സ്ഥലം സഭാ ശുശ്രൂഷകന്മാർ എല്ലാവരും മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ഒരനുഗ്രഹമാണ്.

## ശുശ്രൂഷകന്മാരും സഭാ കെട്ടുപണിയും

സുവിശേഷീകരണ ദൗത്യം നിർവ്വഹിക്കുന്നതിലൂടെ തന്റെ ആയുധം മൂർച്ചയുള്ളതാക്കി അഭിഷേകത്തോടുകൂടി ശുശ്രൂഷചെയ്ത് ദേശത്തിലെ വൻമരങ്ങളെ വെട്ടിവീഴ്ത്തി സഭ വിശാലമാക്കേണ്ടത് ഓരോ കർത്തൃശുശ്രൂഷകന്മാരുടെയും കടമയാണ്. ആത്മഭാരമുള്ളവർക്കു മാത്രമേ അതിൽ വിജയിക്കുവാൻ കഴിയുകയുള്ളൂ. ശുശ്രൂഷകന്മാരെ സംബന്ധിച്ചിടത്തോളം കർത്തൃവേലയിൽ തങ്ങൾ എത്രത്തോളം ശോഭിക്കുമോ അതനുസരിച്ച് തങ്ങൾക്കും വിശാലതകളും ഉയർച്ചകളും ഉണ്ടാകും. കേന്ദ്ര ഓഫീസിൽ നിന്നോ സ്പോൺസർ ചെയ്യുന്നവരിൽ നിന്നോ സോണൽ, ഡിസ്ട്രിക്ട് തലങ്ങളിൽ നിന്നോ ലഭിക്കുന്ന സഹായങ്ങൾ ആരുടെയും ആവശ്യങ്ങൾ തൃപ്തികരമാം വിധം നിറവേറ്റുവാൻ പര്യാപ്തമല്ല. എന്നാൽ ശുശ്രൂഷയുടെ വിശാലതയിൽ കൂടി ലഭിക്കുന്ന നന്മകൾ ആർക്കും അളന്ന് തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. അതിന്റെ കണക്ക് ആരും അറിയുകയില്ല. ശുശ്രൂഷകന്മാർക്ക് ആത്മീയ, ഭൗതീക മേഖലകളിൽ ഉണ്ടാകുന്ന വിശാലത പ്രസ്ഥാനത്തിന്റെ വിശാലതയായി മാറും. പ്രവർത്തന മേഖല വളർത്തി നല്ല നിലയിൽ കെട്ടുപണി ചെയ്താൽ മാത്രമേ ശ്രേഷ്ഠമായ മറ്റൊരു സ്ഥലം ആ സമയത്ത് ഒത്തു വരികയുള്ളൂ. പ്രസ്ഥാനം പുഷ്ടിപ്പെട്ടാൽ അതിൽ കൂടി ഉൾപ്പെട്ടു നില്ക്കുന്നവരുടെ നിലനില്പ്പും ആശാവഹമാണ്. അനേകർ സഭയിലേക്ക് ചേർന്നു വരുവാൻ ഇടയാകും. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നാല്പതിലധികം സ്വതന്ത്ര സഭകൾ ദൈവസഭയോടു ചേർന്നത് നമ്മുടെ പ്രസ്ഥാനത്തിലെ അച്ചടക്കവും ഉപദേശ ജീവിത വിശുദ്ധിക്ക് നാം കൊടുക്കുന്ന ഊന്നലും സഭയുടെ കെട്ടുപണികളിൽ പൊതുജനത്തിനുണ്ടായ അഭിമാനവുമാണ്.

## ദശാംശ കാര്യത്തിലെ വിശ്വസ്തത

സഭയിൽ കിട്ടുന്ന വരുമാനത്തിന്റെ ശരിയായ ദശാംശം കേന്ദ്ര ഓഫീസിൽ അടയ്ക്കാതെ കേവലം ഒരു 'ടിപ്പ്' മാത്രം കൊടുത്ത് ക്രിഡൻഷ്യൽ/ഐഡന്റിറ്റി നിലനിർത്തുന്ന പ്രവണത ചിലരിൽ കണ്ടുവരുന്നു. പ്രസ്ഥാനത്തെ കരുതുന്ന ഒരു കർത്തൃശുശ്രൂഷകനു പോലും ഇത് കഴിയുകയില്ല. 450ൽ അധികം മിഷൻ സ്റ്റേഷനുകളിൽ സഭാ നേതൃത്വം സഹായം നല്കുന്നു. നാലര ലക്ഷത്തിലധികം രൂപ മാസം തോറും കണ്ടെത്തണം, സ്പോൺസർ ചെയ്യുന്നവരുടെ പക്കൽ നിന്നും ലഭിക്കുന്ന അല്പം തുക കഴിഞ്ഞാൽ ബാക്കി വരുന്ന വലിയ തുക കർത്തൃശുശ്രൂഷകന്മാരുടെ ദശാംശത്തിൽ നിന്നാണ് കണ്ടെത്തുന്നത്. എല്ലാ വർഷവും സഹായ തുക വർദ്ധിപ്പിക്കുന്നു. മിഷൻ ഫീൽഡുകൾ എണ്ണത്തിൽ പെരുകുന്നു. ഓഫീസിൽ അതനുസരിച്ച് വരുമാനം വർദ്ധിക്കണം. ലഭിക്കുന്ന ദശാംശത്തിൽ നിന്ന് വേണം ആലയ പണി, പാഴ്സനേജ് പണി മറ്റ് അനവധി സഹായങ്ങൾ കൊടുക്കുവാൻ. വേൾഡ് മിഷനിൽ നിന്നോ മറ്റ് ആരിൽ നിന്നും ഇതര ആവശ്യങ്ങൾക്കുവേണ്ടി ഫണ്ടുകൾ ഓഫീസിൽ ലഭിക്കുന്നില്ല. ഒരു ആവശ്യത്തിനായി ലഭിക്കുന്ന തുക അതിനായി മാത്രം കൊടുക്കുന്നു. വലിയ തുകകൾ ആവശ്യപ്പെട്ട് വന്ന് ഭാരപ്പെടുത്തുന്നവർ ഉണ്ട്. എവിടെ നിന്ന് ആണ് അവരെ സഹായിക്കേണ്ടത്. മറ്റൊരു ആവശ്യത്തിന് വന്ന തുക എടുത്ത് എങ്ങനെ കൊടുക്കും. കൊടുക്കാതെ വരുമ്പോൾ ഓവർസീയറോട് ചിലർക്ക്

➡

ഇഷ്ടമില്ലാതെ വരുന്നു. തന്റെ നിസ്സഹായത കേൾക്കുവാൻ ആർക്കും മനസ്സില്ല. പിന്നീട് പുറത്തിറങ്ങി ഓവർസീയർ ആദരിച്ചില്ല, കരുതിയില്ല, ഒന്നും തന്നില്ല, സ്നേഹത്തോടെ ഇടപെട്ടില്ല. ഇനി കേന്ദ്രത്തിലോട്ട് ഞങ്ങളും ഒന്നും കൊടുക്കയില്ല, തുടങ്ങിയുള്ള പരാതികളും ശകാര വാക്കുകളും വിശ്വാസികളിൽ നിന്നുപോലും കുറവല്ല. എല്ലാ തലങ്ങളിലും ക്രൂശിക്കപ്പെടുന്നത് സ്റ്റേറ്റ് ഓവർസീയർ ആണ്. മറ്റുള്ളവർ എത്ര നല്ലതാണ്. അവർ പൊതു സമ്മതർ, സ്നേഹമുള്ളവർ, വേണമെങ്കിൽ ഓവർസീയറെ ഒറ്റപ്പെടുത്തി അവരും മറ്റുള്ളവരോട് ചേർന്ന് രണ്ട് 'ക്വട്ടേഷൻ കമെന്റുകൾ' പറഞ്ഞ് മറ്റുള്ളവരുടെ പ്രീതിസമ്പാദിക്കും. പാവപ്പെട്ട ശുശ്രൂഷകനെതിരെ കുതിരകേറുന്ന വിശ്വാസികളോട് അരുത്എന്ന് പറയുന്ന ഒരു ഓവർസീയർ ആണ് ഇന്ന് ദൈവസഭയ്ക്കുള്ളത്. ദശാംശം അടയ്ക്കാത്തവരെയും ന്യൂസ് ലെറ്റർ വായിക്കാത്തവരെയും സഭാ നേതൃത്വത്തോടും ഡിസ്ട്രിക്റ്റിനോടും വിധേയത്വമില്ലാതെ പോകുന്നവരെയും ബോധവത്ക്കരിച്ചേ മതിയാകയുള്ളൂ. സ്തുതിപാഠകർ വർദ്ധിക്കുന്നതിൽ അർത്ഥമില്ല. അവർ തന്നെ അവസരം വരുമ്പോൾ ക്രൂശിക്കും. ചോദിക്കുന്ന വരുമാനമുള്ള സഭ കൊടുത്താൽ, ഓവർസീയർ ചിലർക്ക് നല്ലവനാണ്. ഏതെങ്കിലും ഒരു വർഷത്തെ ട്രാൻസ്ഫർ സന്തോഷമായില്ലെങ്കിൽ വർഷങ്ങൾ നന്മചെയ്ത ഓവർസീയറോടു പിന്നെ ശത്രുതാ മനോഭാവം. എല്ലാ വർഷവും നല്ല വരുമാനുള്ളതും നല്ല ആൾപ്പെരുപ്പമുള്ളതുമായ സഭ ഓവർസീയർ തരപ്പെടുത്തി കൊടുത്താൽ 'എത്ര നല്ല ഓവർസീയർ'. ചുരുക്കി പറഞ്ഞാൽ ഭരണ തലത്തിൽ നിഷ്ക്രിയനായും ആരെയും ശകാരിക്കാതെ അവർ ഇഷ്ടപ്പെടുംവിധം സ്നേഹം അഭിനയിച്ച് കേവലം വോട്ടു ബാങ്കായി കൂട്ടുവേലക്കാരെ കണ്ട് അവരുടെ തെറ്റുകൾക്ക് കൂട്ടുനിന്ന് രാഷ്ട്രീയ മനോഭാവത്തിൽ മുന്നോട്ടു പോകുന്ന ഒരു ഓവർസീയർ ഭരണ രംഗത്ത് വന്നാൽ കുറെപ്പേർക്ക് ഇഷ്ടപ്പെടും. പക്ഷെ പ്രസ്ഥാനം കുത്തഴിയും, പ്രസ്ഥാനത്തിന്റെ ഉപദേശം ചോദ്യം ചെയ്യപ്പെടുകയും അടിത്തറ ഇളകുകയും ചെയ്യും. ഈ വിഷയത്തിൽ ദൈവസഭയോടു കൂറുള്ള എല്ലാ പ്രിയപ്പെട്ടവരും ബോധവത്ക്കരിക്കപ്പെടണം.

## സാധാത്മക വശം - അദ്ധ്യക്ഷന്റെ ചുമതല

പ്രമാണം തെറ്റി നടക്കുന്നവരെയും ദൈവസഭയിൽ ദശാംശം കൊടുക്കാത്ത ശുശ്രൂഷകരെയും വിശ്വാസികളെയും ബോധവത്ക്കരിക്കണം. സഭയുടെ കോൺഫറൻസുകൾ, കൺവൻഷനുകൾ ഇവയിൽ വരാതിരിക്കുന്നവരെ ബോധവത്ക്കരിക്കണം. വിശ്വാസികളെ സഭാ നേതൃത്വമായിട്ടുള്ള കൂറിൽ ശുശ്രൂഷകന്മാർ നിലനിർത്തണം. അങ്ങനെ ചെയ്യാത്തവരെ ബോധവത്ക്കരിക്കണം. ഭോഷ്ക്കുകൾ പറഞ്ഞു പരത്തുന്നവരോട് അങ്ങനെ അരുത് എന്ന് പറയണം. നന്നായി പ്രവർത്തിക്കണം, ആത്മാക്കളെ നേടണം, ഉപദേശത്തിലും ജീവിത വിശുദ്ധിയിലും ഏവരും നിലനില്ക്കണം. ഇവിടെ വലുത് ഉൾപ്പെട്ടു നില്ക്കുന്ന പ്രസ്ഥാനമാണ്. അതിനു കേടു വരുത്തുന്ന ഒന്നും പാടില്ല. തുടങ്ങിയുള്ള അനേക സാധകാത്മക വശങ്ങളിൽ ഒരു സ്റ്റേറ്റ് ഓവർസീയർ ശ്രദ്ധിച്ചേ മതിയാകയുള്ളൂ.

## വിശ്വാസി മക്കളോട് ഒരു ചെറിയ ബോധവത്ക്കരണം

മിക്കവാറും വിശ്വാസികളും അജ്ഞത കൊണ്ടായിരിക്കും ഇങ്ങനെ പറയാറുണ്ട്. 25 ലക്ഷത്തിന്റെ, 50 ലക്ഷത്തിന്റെ അങ്ങോട്ടു എഴുതി തരികയല്ലേ. പിന്നെ ഇങ്ങോട്ടു തന്നാലെന്താ? അറിവു കേട് എന്നല്ലാതെ ഈ സംസാരത്തിന് എന്താണ് മറുപടി. ആർക്കാണ് എഴുതി കൊടുത്തത്. ഓവർസീയർക്കോ? അദ്ദേഹത്തിന് അതുകൊണ്ട് എന്തുപ്രയോജനം. ഇനിയെങ്കിലും ഈ അറിവു കേട് ദൈവമക്കൾ പറയരുത്. ആർക്കും ആരും എഴുതി കൊടുത്തില്ല. സൊസൈറ്റിയുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ എഴുതിവെച്ചെങ്കിൽ ഇതിൽ ഉൾപ്പെട്ടു നില്ക്കുന്ന എല്ലാവരുടെയും പേരിൽ എഴുതി വച്ചതാണ്. ആരും ആർക്കും എഴുതി കൊടുത്തില്ല. കേന്ദ്രത്തിൽനിന്ന് പണം തന്നില്ല. നമ്മുടെ സഭയിലെ ഇന്നാരുടെ ഇന്നാരുടെ പേരിൽ എഴുതാം. ആരെയാണ് സഹോദരങ്ങളെ നിങ്ങൾ തോല്പിക്കുന്നത്. ഇന്നല്ലെങ്കിൽ നാളെ സമീപഭാവിയിൽ അതിന്റെ പേരിൽ സഭയിൽ പക്ഷങ്ങളും ഗ്രൂപ്പും ബഹളങ്ങളും ഉണ്ടാക്കി കുറെപ്പേർ സഭവിട്ടു പോകുവാൻ പിശാച് ഒരുക്കിയ ഒരു കണിഎന്ന് മാത്രം പറയട്ടെ. സൊസൈറ്റിയുടെ പേരിൽ കിടന്നാൽ എല്ലാവർക്കും തുല്യ അവകാശമായി കർത്താവിന്റെ വരവു വരെ എല്ലാവർക്കും യഥേഷ്ടം ഉപയോഗിക്കാം. ഇത് മനസ്സിലാക്കുവാൻ വാത്സല്യ ദൈവമക്കളുടെ ഉൾക്കണ്ണ് ദൈവം തുറക്കണം. എഴുതിവെച്ചത് തന്നാണ്ട് ഓവർസീയറുടെ പേരിൽ. ആയുഷ്ക്കാലം മുഴുവൻ അല്ല. കർത്താവിന്റെ വരവ് വരെ ഉപയോഗിക്കുന്നതും അനുഭവിക്കുന്നതും സ്ഥലം സഭാ വിശ്വാസികൾ. പറച്ചിലും, അനുഭവം തമ്മിൽ എങ്ങനെയുണ്ട് എന്ന് ഏവരും ചിന്തിക്കണം. പ്രസ്ഥാനത്തിന്റെ പേരിൽ വസ്തു ➡

കിടക്കുന്നതെങ്കിൽ കർത്താവിന്റെ വരവുവരെ തലമുറ തലമുറയായി ഏവർക്കും ഒരുപോലെ അനുഭവിക്കാം. ദൈവസഭയോടു ചേർന്ന സ്വതന്ത്ര സഭകളുടെ സ്വത്തുക്കളും ദൈവസഭ എഴുതി വാങ്ങുന്നത് ഈ ബോധവത്ക്കരണത്തിൽ കൂടിയാണ്. ദൈവസഭ ഒരു വ്യക്തിയുടെ പ്രസ്ഥാനം അല്ലാതിരിക്കുന്നത് നമ്മുടെ സ്ഥാവരജംഗമ വസ്തുക്കൾ പ്രസ്ഥാനത്തിന്റെ പേരിൽ കിടക്കുന്നതുകൊണ്ടാണ്. ഏവർക്കും തുല്യ അവകാശമാണ് ഇതിന്മേൽ ഉള്ളത്.

## കൂട്ടു വേലക്കാരോടുള്ള സ്റ്റേറ്റ് ഓവർസീയറുടെ വിധേയത്വം

1. കൺവൻഷനിലെ ഭക്ഷണ ക്രമീകരണം. അതിൽ ആശ്വാസം കണ്ടെത്തിയത് എന്റെ കൂട്ടുവേലക്കാരാണ്.

2. പാസ്റ്റേഴ്സ് പൂവർ റിലീഫ് ഫണ്ട്. മൂന്നേകാൽ ലക്ഷം രൂപാ കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ സമാഹരിച്ചു. കഷ്ടത അനുഭവിച്ച ശുശ്രൂഷകർക്ക് സമയാസമയങ്ങളിൽ കൊടുത്തു. ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുന്നു.

3. കുറഞ്ഞ വരുമാനം ഉള്ളവരെ സഹായിക്കുന്ന പദ്ധതി മൂവായിരം രൂപയിൽ താഴെ വരുമാനമുള്ളവരെ കണ്ടെത്തി അവരുടെ കയ്യിൽ 3000/- രൂപ എങ്കിലും മാസം കിട്ടത്തക്ക നിലയിൽ ചെയ്തിട്ടുള്ള ക്രമീകരണങ്ങൾ മിക്ക സ്ഥലങ്ങളിലും നടപ്പിൽ വരുത്തി ഇനിയുള്ള സമയങ്ങളിലും ശേഷിക്കുന്ന സ്ഥലത്ത് അത് ചെയ്യും.

4. ശുശ്രൂഷകന്മാരുടെ ട്രാൻസ്ഫർ ക്രമീകരണത്തിലെ സുതാര്യത. ശുശ്രൂഷയിൽ ഇരിക്കുന്ന സഭയിലെ വരുമാനത്തിന് അനുസരിച്ച് സഭ കണ്ടുപിടിച്ച് ട്രാൻസ്ഫർ ക്രമീകരിക്കുന്ന രീതി നിലവിൽ വന്നു. ഈ പ്രാവശ്യത്തെ ട്രാൻസ്ഫർ തികച്ചും ജനായത്ത രീതിയിൽ ആയിരുന്നു. 95% ട്രാൻസ്ഫറുകളും ശുശ്രൂഷകന്മാരുമായി ഒരു ധാരണയിൽ ചെയ്തതാണ്. ഓർഡർ കിട്ടുന്നതിന് മുമ്പ് തന്നെ ലഭിക്കുവാൻ പോകുന്ന സഭ ഏതെന്ന് കൂട്ടുവേലക്കാർക്ക് അറിവ് കൊടുത്തിരുന്നു. അതിൽ ബുദ്ധിമുട്ടുകൾ പറഞ്ഞ ഏവർക്കും അവരുടെ അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് പുതിയ ക്രമീകരണങ്ങൾ ചെയ്തു കൊടുത്തു. ചാർജിൽ ഇരുന്ന ഒന്നോ രണ്ടോ പേർക്ക് അവരുടേതായ ചില സാങ്കേതികകാരണങ്ങളിൽ സഭ കിട്ടാതെ പോയിരിക്കാം. മറ്റെല്ലാവർക്കും സഭ കൊടുത്തു. ട്രാൻസ്ഫർ സംബന്ധിച്ച് ഒരു പ്രശ്നവും ഇന്ന് നിലനില്ക്കുന്നില്ല. ഓർഡർ ലഭിച്ച ഏവരും സ്ഥല മാറ്റ ഉത്തരവ് അനുസരിച്ചു. സഭകളും വിധേയപ്പെട്ട് സഹകരിച്ചു. മുൻ വർഷങ്ങളിൽ സ്ഥലമാറ്റത്തിന്റെ പേരിൽ വിശ്വാസികൾ സഭ വിട്ടു പോകുമായിരുന്നു. (50നും 100നും ഇടയ്ക്ക്) ഈ വർഷം അതുണ്ടായില്ല.

5. ദൈവസഭയുടെ ചരിത്രത്തിൽ ആദ്യമായി മുളക്കുഴ സീയോൻ കുന്നിൽ ശുശ്രൂഷക കുടുംബ സംഗമം നടത്തി. അനേകർ ആ വിഷയത്തിൽ അഭിനന്ദനം അറിയിച്ചു. ഇനിയും കോൺഫറൻസ് നടത്തുവാൻ പദ്ധതിയുണ്ട്.

6. സോണൽ സംവിധാനം:- തെക്ക്, വടക്ക്, ഹൈറേഞ്ച്, തീരദേശം ഇവിടങ്ങളിലെ ശുശ്രൂഷകന്മാർക്ക് ആശ്വാസമായി സോണൽ സംവിധാനം നിലവിൽ വന്നു. അവരുടെ ആവശ്യങ്ങൾ പങ്കു വയ്ക്കുവാൻ ഓവർസീയറെ കൂടാതെ മറ്റുള്ളവരും പ്രത്യേകിച്ച് സോണൽ ഡയറക്ടേഴ്സും തയ്യാറായി. സോണൽ ഡയറക്ടേഴ്സ് സോണലിലെ കർത്തൃശുശ്രൂഷകന്മാർക്കും മറ്റ് ഡവലപ്മെന്റുകൾക്കുമായി സാമ്പത്തിക നന്മ കണ്ടെത്തി പ്രവർത്തിക്കുന്നു. സോണൽ ഡയറക്ടേഴ്സ് കേവലം റബർ സ്റ്റാമ്പല്ല എന്ന് വരുത്തി അധികാരങ്ങൾ പങ്കുവച്ചു കൊടുത്തു. അതു നിമിത്തം ഏറ്റവും കൂടുതൽ പ്രയോജനം ഉണ്ടായത് ശുശ്രൂഷകന്മാർക്കാണ്.

7. ചാരിറ്റി ഡിപ്പാർട്ടുമെന്റ്. ഈ സംവിധാനത്തിൽ കൂടി ലക്ഷക്കണക്കിന് രൂപ ജീവകാരുണ്യ സഹായത്തിന് ചെലവഴിച്ചു. ശുശ്രൂഷകന്മാരിൽ ആഗ്രഹിച്ചവർക്കെല്ലാം ഇൻഷുറൻസ് പദ്ധതി നടപ്പിൽ വരുത്തി. ചിൽഡ്രൻസ് ഹോം വിപുലപ്പെടുത്തി ഗവൺമെന്റിന്റെ അംഗീകാരം വാങ്ങി. ഇനിയും വിശാലതയിലേക്ക് കൊണ്ടുവരുവാൻ പുതിയ പദ്ധതികൾ ഉണ്ട്.

8. ശമ്പള വ്യവസ്ഥ:- കർത്തൃശുശ്രൂഷകന്മാരുടെ ശമ്പള വ്യവസ്ഥ നീക്കം ചെയ്യുവാൻ സഭകൾക്ക് സർക്കുലർ അയയ്ക്കുകയും നേരിട്ട് ബോധവത്ക്കരണം നടത്തുകയും ചെയ്തു. സഭാഫണ്ട് കണ്ടെത്തുവാനുള്ള മാർഗ്ഗവും സഭകളെ അറിയിച്ചു. 75% സഭകളും പ്രസ്തുത സർക്കുലർ അനുസരിച്ചു. ചില സഭകൾ അനുസരിക്കുവാൻ ഉണ്ട്. അവരും ആ വിഷയത്തിൽ അനുസരിക്കും എന്ന് പ്രത്യാശിക്കുന്നു.

➡

9. ദശാംശം കൃത്യമായി വിശ്വാസികൾ അർപ്പിക്കുക. ശുശ്രൂഷകന്മാർ ഓഫീസിൽ വരുമാനത്തിന്റെ ദശാംശം കൃത്യമായി അടയ്ക്കണമെന്ന് മാത്രമല്ല, സ്ഥലം സഭാ ശുശ്രൂഷകന് അർഹപ്പെട്ട ദശാംശം കൃത്യമായി ആരാധന സമയത്ത് മേശമേൽ അർപ്പിക്കണമെന്നും, അതിന്റെ അവകാശി സ്ഥലം സഭാ പാസ്റ്ററാണെന്നും അത് സഞ്ചാര പാസ്റ്റർക്കോ മറ്റ് പ്രവാചകന്മാർക്കോ കൊടുക്കുവാൻ പാടില്ല എന്നും, തങ്ങളുടെ പാസ്റ്റർക്ക് അർഹതപ്പെട്ടത് മറ്റൊരുത്തന് കൊടുക്കുന്നത് ഭവനത്തിന് അനുഗ്രഹമല്ല എന്നും സഭകളെ അറിയിച്ചു ബോധവത്ക്കരിച്ചു. വചന വ്യവസ്ഥ എല്ലാ ദൈവമക്കളും തുടർന്നും പാലിക്കണം.

10. ആദരിക്കണമെന്നുള്ള ബോധവത്ക്കരണം. ന്യൂസ് ലെറ്ററിൽ കൂടിയും മാസികയിലെ കത്തുകളിൽ കൂടിയും വിശ്വാസികൾ കർത്തൃശുശ്രൂഷകനെ അനുസരിച്ചും വിധേയപ്പെട്ടും പോകണമെന്ന് നിഷ്ക്കർഷിച്ച് ബോധവത്ക്കരണം നടത്തി. ആയത് ഇപ്പോഴും തുടരുന്നു.

11. തമ്മിൽ തമ്മിൽ ആദരിക്കണം. ഡിസ്ട്രിക്ട് ശുശ്രൂഷകന് സ്ഥലം സഭാ പാസ്റ്റേഴ്സിനെ പൊതു ശുശ്രൂഷയിൽ മാന്യമായ പരിഗണന കൊടുത്ത് ആദരിക്കണമെന്നും ശുശ്രൂഷകളിൽ സങ്കീർത്തനം വായിച്ച് ഒരു ഭാഗത്ത് അവരെ ഒതുക്കരുതെന്നും, സ്നേഹത്തോടെ തമ്മിൽ വർത്തിക്കണമെന്നും ബോധവത്ക്കരിച്ചു. മാത്രമല്ല, ഡിസ്ട്രിക്ടിലെ ശുശ്രൂഷകൾക്ക് കഴിവതും ഡിസ്ട്രിക്ട് പാസ്റ്ററെ തന്നെ ക്ഷണിക്കണം എന്നും ഉത്തരവാദിത്വപ്പെട്ടവർ വളരെ നിർബന്ധിക്കുന്നു എങ്കിൽ മാത്രമേ സ്റ്റേറ്റ് ഓവർസീയറെ പോലും വിളിക്കാവുള്ളൂ എന്നും കോൺഫറൻസുകളിൽ പ്രസ്താവിച്ചു. അങ്ങനെ തന്നെ വേണമെന്ന് വീണ്ടും ഏവരെയും അറിയിക്കുന്നു.

12. ശുശ്രൂഷകന്മാരെ ഉറപ്പിച്ചു നിർത്തുന്ന പദ്ധതി. നിലവിലുള്ള സംവിധാനം കൂടാതെ ഹോം മിഷൻ സംവിധാനം നിലവിൽ വന്നു. അതിൽ കൂടിയും ശുശ്രൂഷകന്മാർ നന്മ അനുഭവിക്കുന്നു. ശുശ്രൂഷകന്മാർക്ക് പി.ജി. കോഴ്സുകൾ നല്കി ശുശ്രൂഷയിൽ ധന്യരാക്കുന്ന പദ്ധതി.

13. കെട്ടുപണികൾ. വൈ.ഡബ്ല്യൂ.ഇ.എ. പൊജക്ട് അതിന്റെ പ്രയോജനം ഏറ്റവും കൂടുതൽ അനുഭവിക്കുന്നതും ഓഫീസ് കോംപ്ലക്സ് തീർന്നാൽ അതിന്റെ മുഴുവൻ പ്രയോജനവും ഒരളവുവരെ അനുഭവിക്കുന്നതും ദൈവസഭയിലെ കർത്തൃശുശ്രൂഷകന്മാരാണ്. വിശ്വാസികൾ ഓഫീസിൽ വരുന്നത് വല്ലപ്പോഴും മാത്രം ശുശ്രൂഷകന്മാർ അങ്ങനെയല്ല.

14. പെൻഷൻ പദ്ധതി കർത്തൃശുശ്രൂഷകന്മാർ ഓഫീസിൽ അടയ്ക്കുന്ന ദശാംശത്തിന്റെ ഒരു ഭാഗം വേർതിരിച്ച് തുല്യമായി വീതിച്ച് ഓരോരുത്തർക്കും പ്രയോജനപ്പെടുന്ന പെൻഷൻ പദ്ധതി ശുശ്രൂഷകന്മാർക്ക് വേണ്ടി നിലവിൽ വരുകയാണ്.

15. പെൻഷൻ കൂട്ടി കൊടുത്തു. ഓവർസീയർ ചുമതല എടുത്ത ശേഷം 250 രൂപ പെൻഷൻ കിട്ടയവർക്ക് 500 ആക്കി വർദ്ധിപ്പിച്ച് കൊടുത്തു. ചില പാസ്റ്റേഴ്സും വിധവമാരും 1000 രൂപ പെൻഷൻ വാങ്ങുന്നു.

16. 3000 രൂപയിൽ താഴെ വരുമാനമുള്ള ശുശ്രൂഷകന്മാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം. *(സ്റ്റേറ്റ് ഓവർസീയറുടെ നേരിട്ടുള്ള പദ്ധതി)*

17. ദൈവസഭയുടെ ചരിത്രത്തിൽ ആദ്യമായി പാവപ്പെട്ട വിശ്വാസികൾ കൂടുന്ന രണ്ട് സഭകൾക്ക് വസ്തുവും സഭാഹാളും ഉണ്ടാകുവാൻ സ്ഥലം സഭാശുശ്രൂഷകനെ ഓഫീസിൽ നിന്ന് പണം മുടക്കി വിസയും ടിക്കറ്റും എടുത്ത് വിദേശ രാജ്യങ്ങളിലേക്ക് അയച്ചു. അങ്ങനെ ഉളവായ ആരാധനാലയമാണ് നീർപാറ ദൈവസഭ. വർക്കലയിൽ അതിന്റെ പേരിൽ പിരിച്ചെടുത്ത പണം കൊണ്ടും അവിടെയുള്ള ദൈവമക്കളുടെ സഹകരണത്തോടും കൂടി ദൈവസഭയ്ക്ക് സ്വന്തമായി വസ്തു ആധാരം ചെയ്യുകയാണ്. മാത്രമല്ല, വ്യക്തികളെ കൊണ്ടും സഭകളെ കൊണ്ടും സ്പോൺസർ ചെയ്യിപ്പിച്ച് ഉളവായ സഭാഹാളുകളും പാഴ്സനേജുകളുമാണ് മത്തായിപ്പാറ, ചെങ്ങളായി, എടക്കോം, കുട്ടിക്കാനം, തങ്കമണി, ഇപ്പോൾ പണിതു കൊണ്ടിരിക്കുന്ന കുടിയാൻമല തുടങ്ങിയവ.

18. സ്വന്തമായി വസ്തുവോ കിടപ്പാടമോ ഇല്ലാത്ത കർത്തൃവേലക്കാർക്ക് താമസിക്കുവാൻ സഭയുടെ ചെലവിൽ ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുന്ന ഒരു വലിയ പദ്ധതി 2012ൽ നിലവിൽ വരും.

19. കൺവൻഷൻ സ്റ്റേഡിയം വിപുലീകരിക്കുന്ന വലിയ പദ്ധതി. അതിനു മുമ്പ് ഓഫീസ് കോംപ്ലക്സിന്റെ പണികൾ എത്രയും വേഗം പൂർത്തീകരിക്കുക.

20. പുതിയ ചിൽഡ്രൻസ് ഹോമിന്റെ പദ്ധതിക്ക് രൂപം കൊടുത്തു കഴിഞ്ഞു. ദൈവസഭയിലെ എല്ലാ ➡

ഭവനങ്ങളിലും സുവിശേഷനാദം എത്തിക്കുവാനുള്ള പദ്ധതി. വലിയ തുക സുവിശേഷനാദത്തിന്റെ പേരിൽ കടം ഉള്ളപ്പോഴും വിശ്വാസികളെ ബോധവത്ക്കരിക്കുന്ന വലിയ പദ്ധതി.

കൂട്ടുവേലക്കാരെ ആത്മാർത്ഥമായി ഓവർസീയർ സ്നേഹിക്കുന്നു, ഉൾക്കൊള്ളുന്നു. വിപരീതമായി ആരെങ്കിലും പറഞ്ഞാൽ അത് ശുദ്ധ ഭോഷ്ക്കാണ്. ആരും വഞ്ചിക്കപ്പെടരുത്. രാഷ്ട്രീയം നമ്മുടെ സഭയ്ക്ക് ശാപമാണ്. ആരും അതിൽ കുടുങ്ങരുത്. ദൈവസഭയിൽ പ്രതിപക്ഷമില്ല. എല്ലാവരും ഭരണ പക്ഷത്ത് തന്നെ. പ്രതിപക്ഷമായി നിന്ന് ഓവർസീയർക്കെതിരെ കരുനീക്കങ്ങൾ നടത്തുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അങ്ങനെ ഉള്ളവർ ദൈവസഭയ്ക്ക് ശാപമാണ്, അവർക്ക് പ്രസ്ഥാനത്തോടു കൂറില്ല. കേവലം സ്ഥാനമോഹികൾ എന്നും സഭയ്ക്ക് വെല്ലുവിളിയാണ്. സ്റ്റേറ്റ് കൗൺസിലും സ്റ്റേറ്റ് ബോർഡും സഹകരിച്ചും ആലോചിച്ചുമാണ് ദൈവസഭയുടെ ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ആർക്കും ആശങ്ക വേണ്ട.

കർത്താവ് വരുവാൻ താമസിച്ചാൽ ദൈവസഭയുടെ യശ്ശസ് ഉയർത്തുന്ന അനേക പദ്ധതികൾക്ക് രൂപം കൊടുക്കുവാനുള്ള ദർശനത്തോടുകൂടി സഭാ നേതൃത്വം മുമ്പോട്ടു പോകുന്നു. എല്ലാ കർത്തൃശുശ്രൂഷകന്മാരും ദൈവമക്കളും പ്രാർത്ഥനയിലും സഹകരണത്തിലും ദൈവസഭയുടെ ഉന്നമനത്തിനായി ഐക്യതയോടു ചേർന്നു നില്ക്കുക. പിശാചിന് ആരും ഇടം കൊടുക്കരുത്. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

**പാസ്റ്റർ എം. കുഞ്ഞപ്പി**, *സ്റ്റേറ്റ് ഓവർസീയർ*

## ആത്മഭാരമുള്ളവർക്ക് സുവർണ്ണാവസരം

കേരളത്തിലെ ഡിസ്ട്രിക്കുകൾ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്ലാൻ ചെയ്തിരിക്കുന്ന ടീമിനോട് ചേർന്ന് ആറുമാസക്കാലം പ്രവർത്തിക്കുവാൻ താല്പര്യമുള്ള സഹോദരന്മാർ ബന്ധപ്പെടുക. താമസം, ഭക്ഷണം, യാത്രാ ചെലവ് ഇവ സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് :- സ്റ്റേറ്റ് ഓവർസീയർ– ഫോൺ : 9447132838, ഓഫീസ് സെക്രട്ടറി – ഫോൺ : 9447375190

## പാസ്റ്റേഴ്സ് ഡയറക്ടറി

മുൻ അറിയിച്ചതിൻപ്രകാരം പാസ്റ്റേഴ്സ് ഡയറക്ടറിയുടെ ക്രമീകരണം നടന്നുകൊണ്ടിരിക്കുന്നു. ഫോട്ടോയും പൂരിപ്പിച്ച ഫാറവും ഓഫീസിൽ എത്തിക്കാത്തവർ മെയ് 30നകം എത്തിക്കേണ്ടതാണ്. പരസ്യങ്ങൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവരും ബന്ധപ്പെടുക. ഫോൺ : ഫീൽഡ് സെക്രട്ടറി – 9447359100

## ബൈബിൾ കോളേജുകൾ

ദൈവസഭയുടെ വേദപഠന ശാലകളായ മുളക്കുഴ മൗണ്ട് സീയോൻ, തിരുവല്ല ഐ.സി.റ്റി.എസ്., കണ്ണൂർ പരിയാരം മൗണ്ട് പാരാൻ, കുമ്പനാട് ബെഥേൽ ലേഡീസ് എന്നീ ബൈബിൾ കോളേജുകളിൽ അടുത്ത അധ്യയനവർഷത്തിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരി സഹോദരന്മാർ ബന്ധപ്പെടുക. മൗണ്ട് സീയോൻ – 9447415083, ഐ.സി.റ്റി.എസ്. – 9447361265, മൗണ്ട് പാരാൻ – 9744158003, ബെഥേൽ ലേഡീസ് – 9447799659. ക്ലാസ്സുകൾ ജൂൺ ആദ്യവാരം ആരംഭിക്കുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

ദൈവസഭയുടെ ഓഫീസ് കോംപ്ലക്സ് പണി ധൃതഗതിയിൽ പുരോഗമിക്കുന്നു. സഹായം വാഗ്ദാനം ചെയ്തവരും സഹായിക്കുവാൻ ആഗ്രഹിക്കുന്നവരും ബന്ധപ്പെടുക. പ്ലാനിംഗ് ബോർഡ് സെക്രട്ടറി – 9447223636, ഓഫീസ് സെക്രട്ടറി – 9447378190

## സ്റ്റേറ്റ് ഓവർസീയർ യു.എ.ഇ.യിൽ

ദൈവഹിതമായാൽ 2011 മെയ് അവസാന ആഴ്ച മുതൽ ജൂൺ പകുതി വരെ യു.എ.ഇ. സന്ദർശിക്കുന്നു. അദ്ദേഹവുമായി ബന്ധപ്പെടുവാനും ശുശ്രൂഷ ആഗ്രഹിക്കുന്നവരും താഴെ ചേർത്തിരിക്കുന്ന ഫോൺ നമ്പരുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ – 0507007645, 0506441915

# ഇതു പരിശുദ്ധാത്മ പകർച്ചയുടെ നാളുകൾ

(കേരളാസ്റ്റേറ്റ് ദൈവസഭാ 88-ാമത് ജനറൽ കൺവൻഷനിൽ 21.01.2011 വെള്ളിയാഴ്ച രാത്രിയോഗത്തിൽ World Mission Director Rev. DOUGLAS LE ROY നടത്തിയ പ്രസംഗം. പരിഭാഷപ്പെടുത്തിയത് **Prof. Susheel Mathew** (USA).

നിങ്ങൾക്കു ഇതുവരെ വെളിപ്പെട്ടിട്ടില്ലാത്തവിധം പരിശുദ്ധാത്മാവ് യേശുവിനെക്കുറിച്ചുള്ള മർമ്മങ്ങൾ നിങ്ങളെ ബോദ്ധ്യപ്പെടുത്തും. യേശു ദൈവത്തിന്റെ ഏകജാതനാണ്. അവൻ കന്യകയിൽകൂടി ജന്മമെടുത്തവനാണ്. യേശുവും പിതാവും ഒന്നാകുന്നു. അതു മാത്രമല്ല, ദൈവത്തിന്റെ ആത്മാവ് യേശുവിനെ മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. യേശുക്രിസ്തു ലോകരക്ഷിതാവ് ആകുന്നു. നമ്മുടെ ദൗത്യം ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുക എന്നതാകുന്നു. യേശുകർത്താവ് നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാകുന്നു. നാം അവനെ ഉയർത്തേണ്ടത് ആവശ്യമാണ്. കർത്താവു പറഞ്ഞു:"ഞാനോ ഉയർത്തപ്പെട്ടാൽ ഞാൻ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും". അവൻ നമ്മുടെ ശക്തിയുടെ ഉറവിടമാണ്. അവൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ദൈവത്തിങ്കലേക്കുള്ള പ്രവേശനത്തിന്റെ വാതിലാകുന്നു യേശുക്രിസ്തു. യേശുവിനെ നാം നന്നായി അറിയേണ്ടത് ആവശ്യം. നാം യേശുവിനെ മാത്രമല്ല അവന്റെ ദിവ്യസ്വഭാവത്തെയും വെളിപ്പെടുത്തുന്നവരായിരിക്കേണം. യേശുക്രിസ്തുവിനുണ്ടായിരുന്ന അതേ ശക്തിയോടും അധികാരത്തോടും കൂടെ വേണം നാമും മുമ്പോട്ടു പോകേണ്ടത്. ഈ അന്ത്യനാളുകളിൽ ദൈവപുത്രനായ ക്രിസ്തുവിനെ ഉയർത്തേണ്ടതിനു വേണ്ടിയാണ് ദൈവം തന്റെ പരിശുദ്ധാത്മാവിനെ നമ്മുടെമേൽ പകർന്നിരിക്കുന്നത്.

പരിശുദ്ധാത്മാവിനെ നമുക്കു നല്കിയിരിക്കുന്നതിന്റെ മൂന്നാമത്തെ ഉദ്ദേശം യേശുകർത്താവിന്റെ വരവിനുവേണ്ടി നമ്മെ ഒരുക്കുക എന്നുള്ളതാകുന്നു. കർത്താവു ശിഷ്യന്മാരോടു താൻ വീണ്ടും വരും എന്നുപറഞ്ഞു. മത്തായി 24, മർക്കോസ് 13, ലൂക്കോസ് 21 എന്നീ അദ്ധ്യായങ്ങളിൽ യേശുവിന്റെ മടങ്ങിവരവിന്റെ അടയാളങ്ങളെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. താൻ മടങ്ങിവരുന്നതിനു മുമ്പുള്ള ഈ ലോകത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്നു കർത്താവു വെളിപ്പെടുത്തിയിട്ടുണ്ട്. ജാതിജാതിയോടും രാജ്യംരാജ്യത്തോടും എതിർക്കും. ഭൂലോകത്തിനു എന്തുഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും. ഞാൻ ക്രിസ്തു ആകുന്നു എന്നു പേർ പറഞ്ഞുകൊണ്ടു പലരും നിങ്ങളെ തെറ്റിക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. തന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ട് പല അടയാളങ്ങളെയുംകുറിച്ച് കർത്താവു അരുളിചെയ്തിട്ടുണ്ട്. ഈ അടയാളങ്ങൾ ഒക്കെയും സംഭവിക്കുന്നതു കാണുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പു അടുത്തുവരുന്നതുകൊണ്ട് നിവർന്നു തല പൊക്കുവീൻ എന്നു യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചു നാം എപ്പോഴും ജാഗ്രതയുള്ളവരായിരിക്കേണം. യോഹ. 14:1-3 വരെയുള്ള വാക്യങ്ങളിൽ കർത്താവു പറഞ്ഞു: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് ...ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും". യേശു കർത്താവു വീണ്ടും വരും. 1 തെസ്സ. 4-ാം അദ്ധ്യായത്തിൽ കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. അന്നാളിൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർക്കുകയും ജീവിച്ചിരിക്കുന്നവർ രൂപാന്തരപ്പെട്ടു അവരോടൊരുമിച്ചു കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിലേക്കു കർത്താവു നമ്മെ കൂട്ടികൊണ്ടുപോകും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. പരിശുദ്ധാത്മാവിനെ ദൈവം നമുക്കു നൽകിയിരിക്കുന്നത് കർത്താവിന്റെ വരവിനെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്നതിനും അതിനായി ഒരുക്കുവാനും വേണ്ടിയത്രേ. അവന്റെ മടങ്ങിവരവിന്റെ നാളും നാഴികയും അറിയാത്തുകൊണ്ട് നാം എപ്പോഴും ഒരുങ്ങിയിരിക്കേണ്ടതാവശ്യം.


Rev. DOUGLAS LE ROY

കൊയ്ത്തിനായി ഒന്നിച്ചു മുന്നോട്ടിറങ്ങുന്നതിനുവേണ്ടി പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നു; അതിനായി നമ്മെ ശക്തീകരിക്കുന്നു. മത്തായി 28-ാം അദ്ധ്യായത്തിൽ കർത്താവു നല്കിയിരിക്കുന്ന മഹാദൗത്യം നിറവേറ്റുന്നതിനായി തന്റെ അധികാരവും ശക്തിയും നമുക്ക് നല്കപ്പെട്ടിരിക്കുന്നു. ദൈവകല്പനയെ അനുസരിച്ചു നാം ഒന്നിച്ചു ഐക്യമായി മുമ്പോട്ടിറങ്ങുമ്പോൾ കർത്താവിനുവേണ്ടി വലിയവ ചെയ്യുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കും.

ഈജിപ്റ്റിൽ അറബിഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു കർത്തൃദാസൻ നമുക്കുണ്ട്. ഒരു ദിവസം അദ്ദേഹം കെയ്റോയിൽ നിന്നും അലക്സാന്ത്രിയായിലേക്കുള്ള ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. ചൂടുകാലമായിരുന്നതിനാൽ ട്രെയിനിന്റെ ജനാലകൾ തുറന്നിട്ടിരിക്കുകയായിരുന്നു. ഒരു സ്റ്റേഷനിൽ ട്രെയിൻ എത്തിയപ്പോൾ അടുത്ത പാളത്തിൽ നിർത്തിയിരിക്കുന്ന മറ്റൊരു ട്രെയിനിന്റെ ജനാലയ്ക്കരികിൽ ഒരു മനുഷ്യൻ ഇരിക്കുന്നുണ്ടായിരുന്നു. തന്റെ ബൈബിൾ ആ മനുഷ്യനു കൊടുക്കുവാനായി ദൈവാത്മാവ് കർത്തൃദാസനോട് സംസാരിച്ചു. തനിക്കു വളരെ പ്രത്യേകതയുള്ളതും വേദഭാഗങ്ങൾ അടയാളപ്പെടുത്തിട്ടുള്ളതുമായ തന്റെ ബൈബിൾ കൊടുക്കുന്നതു വളരെ പ്രയാസമുള്ള കാര്യമായി തോന്നിയതിനാൽ, ആ മനുഷ്യന്റെ അഡ്രസ്സു വാങ്ങി ഒരു പുതിയ ബൈബിൾ അദ്ദേഹത്തിനു അയച്ചുകൊടുക്കാമെന്നു ദൈവത്തോടു പറഞ്ഞു. എന്നാൽ കൈവശമുള്ള ബൈബിൾ തന്നെ ആ മനുഷ്യനു നൽകുവാൻ വീണ്ടും ദൈവം ഇടപെട്ടതിനാൽ അപ്പുറത്തെ ട്രെയിനിന്റെ ജനാലയുടെ അടുത്തേക്ക് എത്തി അപ്രകാരം ചെയ്തു. ഉടൻ തന്നെ ആ ട്രെയിൻ സ്റ്റേഷൻ വിടുകയും ചെയ്തു. അപ്പോഴാണ് താൻ നൽകിയത് ഏതു പുസ്തകമാണെന്ന് ആ വ്യക്തിയോടു പറയുവാനോ, അയാളുടെ പേര് എന്താണന്ന് അന്വേഷിക്കുവാനോ ഒന്നും സമയം കിട്ടിയില്ലല്ലോ എന്ന ചിന്ത ഭരിച്ചത്. എന്നാൽ ആ കാര്യങ്ങളെക്കുറിച്ച് നീ ഭാരപ്പെടേണ്ട, അതു ഞാൻ നോക്കികൊള്ളാം എന്ന ദൈവശബ്ദം കേട്ടത് അദ്ദേഹത്തിന് ആശ്വാസമായി. രണ്ടാഴ്ചയ്ക്കു ശേഷം അദ്ദേഹം അതേ സ്റ്റേഷനിൽകൂടി ട്രെയിനിൽ യാത്ര ചെയ്‌വാൻ ഇടയായി. അവിടെ ആളുകൾ വളരെ കുറവായിരുന്നു. ആ സ്റ്റേഷന്റെ ബഞ്ചിൽ ഇരുന്നു ഒരു മനുഷ്യൻ ഏതോ പുസ്തകം ശ്രദ്ധയോടെ വായിക്കുന്നതായി കണ്ടു. ട്രെയിൻ സ്റ്റേഷനിൽ കുറച്ചുസമയം നിൽക്കുമെന്നുള്ളതിനാൽ അദ്ദേഹം ആ മനുഷ്യന്റെ അടുക്കൽചെന്നു ഏതു പുസ്തകമാണു വായിച്ചുകൊണ്ടിരിക്കുന്നതെന്നു ചോദിച്ചു. ആ വ്യക്തി പറഞ്ഞു ഞാൻ ബൈബിൾ ആണു വായിക്കുന്നതെന്ന്. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ എന്നന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞത് രണ്ടാഴ്ച മുമ്പുവരെ താൻ മറ്റൊരു മതവിശ്വാസിയായിരുന്നു. എന്നാൽ ഒരു പ്രത്യേക സംഭവം രണ്ടാഴ്ച മുൻപു ഉണ്ടായി. അന്ന് ആരോ ഒരു മനുഷ്യൻ ഈ സ്റ്റേഷനിൽവെച്ചു ഈ ബൈബിൾ തനിക്കു നല്കി എന്നു വിശദീകരിച്ചു. ഞാൻ ആ പുസ്തകം വായിച്ചപ്പോൾ ലോകരക്ഷിതാവായ യേശുവിനെക്കുറിച്ച് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു; ഇപ്പോൾ ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ഒരു ദൈവപൈതലായിത്തീരുകയും ചെയ്തിരിക്കുന്നു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആ ബൈബിൾ ഒന്നു കാണുവാൻ കർത്തൃദാസൻ താല്പര്യപ്പെട്ടു. ആശ്ചര്യമെന്നു പറയട്ടെ, താൻ രണ്ടാഴ്ച മുൻപു നൽകിയ തന്റെ പേര് എഴുതിയിരിക്കുന്ന ബൈബിൾ ആയിരുന്നു അത്. ആ മനുഷ്യനെ രക്ഷയിലേക്കു നടത്തുവാൻ ദൈവം ഉപയോഗിച്ച തന്റെ സ്വന്തം ബൈബിൾ.

കൊയ്ത്തിലേക്കു നിങ്ങളെ ഓരോരുത്തരെയും ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവം സർവ്വശക്തൻ, അവനു സകലവും സാദ്ധ്യം. തന്റെ ആത്മാവിന്റെ ശക്തി നിങ്ങളുടെമേൽ പകർന്ന് ഈ അന്ത്യനാളുകളിൽ കൊയ്ത്തിനുവേണ്ടി നിങ്ങളെ സജ്ജരാക്കുവാൻ ദൈവത്തിനു ഹിതമുണ്ട്. ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ ശക്തി തന്റെ ജനത്തിന്റെമേൽ പകർന്നിരിക്കുന്നത് അവർക്ക് സന്തോഷമുണ്ടാകാൻ വേണ്ടിയോ, ഉച്ചത്തിൽ ശബ്ദം മുഴക്കുന്നുതിനായോ, കൈകൊട്ടുന്നതിനു വേണ്ടിയോ മാത്രമല്ല, പിന്നെയോ ശത്രുവിനെ പരാജയപ്പെടുത്തുവാനും, യേശുക്രിസ്തുവിനെ ഉയർത്തുവാനും, അരുമനാഥന്റെ മടങ്ങിവരവിനായി ഒരുങ്ങുവാനും, കൊയ്ത്തിനായി അവരെ സജ്ജമാക്കുവാനും വേണ്ടിയത്രേ. ആയതിനായി പരിശുദ്ധാത്മാവിന്റെ അഭിഷേകം ഇന്നും തന്റെ ജനത്തിന്റെമേൽ അവൻ അയയ്ക്കുക തന്നെ ചെയ്യും!!

*(അവസാനിച്ചു)* ❖

# അതു സംഭവിക്കാറാകുമ്പോഴുള്ള ലക്ഷണം എന്ത്?

പാസ്റ്റർ കെ. എ. ഉമ്മൻ, തിരുവല്ല

"ഗുരോ, അതു എപ്പോൾ ഉണ്ടാകും? അതു സംഭവിക്കാറാകുമ്പോഴുള്ള ലക്ഷണം എന്ത് എന്ന് അവർ അവനോട് ചോദിച്ചു" (ലൂക്കോ. 21:7).

ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ അവസാന നാളുകളൊന്നിൽ മൂന്നു അതിപ്രധാന വിഷയങ്ങളെ സംബന്ധിച്ചു തന്റെ ശിഷ്യന്മാരോടു സംസാരിച്ചതായി മത്തായി 24, മർക്കോസ് 13, ലൂക്കോസ് 21 എന്നീ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യെരുശലേമിന്റെപതനം, യഹൂദന്റെ സ്ഥാനഭ്രംശം, ഈ യുഗാവസാനം; ഇതായിരുന്നു ആ മൂന്നു വിഷയങ്ങൾ. ഇവ സംഭവിപ്പാറാകുമ്പോഴുള്ള ലക്ഷണങ്ങൾ എന്താണെന്ന് ജിജ്ഞാസയോടെ ചോദിച്ച ശിഷ്യന്മാർക്ക് ചില അടയാളങ്ങൾ യേശു നല്കി. ദേവാലയം ഉൾപ്പെടെ യെരുശലേമിന്റെ പതനവും ലോകത്തിൽ വിവിധ ഇടങ്ങളിലേക്കുള്ള യഹൂദന്റെ ചിതറിപ്പോകലും യേശു പറഞ്ഞതുപോലെ AD 70 ൽ സംഭവിച്ചു. ഇനി നിറവേറേണ്ടത് ഈ യുഗത്തിന്റെ അവസാനമാണ്. അതിലേക്കു വിരൽ ചൂണ്ടുന്ന ചില അടയാളങ്ങളെക്കുറിച്ചും കർത്താവു അരുളിചെയ്തിട്ടുണ്ട്. ആ അടയാളങ്ങളിൽ പലതും ലോകത്തിൽ ദൃശ്യമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് തിരുവചനം വിശ്വസിക്കുന്നവർ ലോകസംഭവങ്ങളെ കർത്താവു പറഞ്ഞ അടയാളങ്ങളുടെ അടിസ്ഥാനത്തിൽ വിചിന്തനം ചെയ്യുന്നത്. ഇവിടെ എന്തു സംഭവിച്ചാലും അത് എനിക്ക് ഒരു വിഷയമല്ല എന്നു കരുതുന്നവർ ഒന്നുകിൽ തിരുവചനം വിശ്വസിക്കാത്ത അവിശ്വാസികളോ, അല്ലെങ്കിൽ അതു മനസ്സോടെ മറന്നുകളയുന്ന വിശ്വാസികളോ ആയിരിക്കും.

യുഗാവസാന ലക്ഷണങ്ങളെക്കുറിച്ച് പത്രോസ് അപ്പോസ്തലൻ രണ്ടാം ലേഖനത്തിൽ എഴുതിയിരിക്കുന്നത് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ എന്ന് പരിഹാസത്തോടെ ചോദ്യം ചെയ്യുകയും സൃഷ്ടി ആരംഭത്തിലായിരുന്നതുപോലെതന്നെ ഇപ്പോഴും ഇരിക്കുന്നുഎന്നു പറയുകയുംചെയ്യുന്ന പരിഹാസികൾ അന്ത്യകാലത്ത് എഴുന്നേല്ക്കുമെന്നാണ്. എന്നാൽ ലോകസംഭവങ്ങളെ തിരുവചന വെളിച്ചത്തിൽ കാണുന്നവർക്കു കർത്തന്റെ വരവു ഏറ്റവും ആസന്നമെന്നു മനസ്സിലാക്കുവാൻ ഒരു പ്രയാസവുമില്ല. കർത്താവു പറഞ്ഞ അടയാളങ്ങളിൽ ചിലതിനെക്കുറിച്ചു മാത്രം ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

**1. യഹൂദന്റെ തളിർപ്പ്:-**

"അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; .... അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ (മത്താ. 24:32-33) എന്നു കർത്താവു പറഞ്ഞത് യഹൂദജാതിയുടെ തളിർപ്പിനെക്കുറിച്ചാണെന്ന് വചനം അറിയാവുന്നവർക്കറിയാം. രണ്ടായിരം വർഷങ്ങളായി ലോകമെമ്പാടുമായി ചിതറിപ്പോയവർ മടങ്ങിവന്ന് യിസ്രായേൽ രാഷ്ട്രം സ്ഥാപിച്ചത് ഈ തലമുറയിലാണ്. അങ്ങനെ ആ ജാതി വീണ്ടും തളിർക്കുന്നതു കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊള്ളേണം എന്നത്രേ കർത്താവു പഠിപ്പിച്ചത്. അതിനാലാണ് യഹൂദൻ ദൈവീക ഘടികാരത്തിലെ സമയം വെളിപ്പെടുത്തുന്ന സൂചി ആണെന്നു വചനം പഠിക്കുന്നവർ മനസ്സിലാക്കിയിട്ടുള്ളത്. ചുരുക്കമായി പറഞ്ഞാൽ യഹൂദന്റെ ചരിത്രവും ഇപ്പോഴത്തെ അവരുടെ അവസ്ഥയും ദൈവവചനവുമായി ചേർത്തു പഠിച്ചാൽ കർത്താവിന്റെ വരവു സമീപം എന്നു തെളിവായി ഗ്രഹിക്കാം.

**2. ഭരണകൂടങ്ങളുടെ തകർച്ച:-**

ലോകസാമ്രാജ്യങ്ങളും ഏകാധിപത്യങ്ങളും രാജഭരണങ്ങളും എല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടെ നീങ്ങിപ്പോയി. ചുരുക്കം ചിലത് അവശേഷിച്ചതു ഇപ്പോൾ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. ഭൂമിയിൽ സ്വർഗ്ഗം കെട്ടുപണി ചെയ്യാം എന്നു വാഗ്ദാനം ചെയ്ത ഇസങ്ങളും പരാജിതരായി പിൻവാങ്ങിയിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനാധിപത്യവ്യവസ്ഥിതി നിലവിൽ വന്നാൽ എല്ലാം ശരിയാകും എന്ന മാനു ➡

ഷിക കണക്കുക്കൂട്ടലുകളും തെറ്റിയിരിക്കുന്നു. സ്വജനപക്ഷപാതവും അഴിമതിയും അരങ്ങു തകർക്കുന്നു. നീതിന്യായ പീഠങ്ങൾപോലും അഴിമതിയുടെ നിഴലുകളിൽ അകപ്പെടുമ്പോൾ, ഇനി ലോകത്തിനു എന്താണു ഗതി എന്നു ചോദിച്ചുകൊണ്ട് സാമാന്യജനം അന്ധാളിച്ചു നിൽക്കുന്നു. ഏതു പുതിയ വ്യവസ്ഥിതിയ്ക്കു ഈ ലോകത്തെ രക്ഷിക്കുവാൻ കഴിയും എന്നാണ് ഏവരുടെയും ആകാംക്ഷ. ശരിയാണ്, അവകാശമുള്ളവൻ വരുവോളം ഇവിടെ ഒരു വ്യവസ്ഥിതിയും ഇനി ജയിക്കുകയില്ല. കൈ തൊടാതെ ഒരു കല്ല് പർവ്വതത്തിൽനിന്നു പറിഞ്ഞു വന്ന് ഈ ലോകഭരണകൂടങ്ങളെ തകർത്തുകളയുകയും ഒരു നിത്യരാജ്യത്വം ഭൂമിയിൽ സ്ഥാപിക്കപ്പെടുകയും ചെയ്യുവാൻ കാലം അധികമില്ല എന്നാണ് ലോകസംഭവങ്ങൾ വിളിച്ചറിയിക്കുന്നത്.

### 3. ധാർമ്മിക അധഃപതനം:-

നോഹയുടെയും ലോത്തിന്റെയും കാലത്തെ മ്ലേച്ഛതകൾ ഏതുമില്ലാ എന്നു തോന്നുന്ന രീതിയിൽ ഇന്നു ലോകത്തിൽ പാപം പെരുകി കൊണ്ടിരിക്കുന്നു. നാൽക്കാലിമൃഗങ്ങളെയും ലജ്ജിപ്പിക്കുന്ന തരത്തിൽ മനുഷ്യമൃഗങ്ങൾ അധർമ്മം ചെയ്തു കൂട്ടുന്നു. ലജ്ജയായതിൽ മാനം തോന്നുന്ന ആധുനിക മനുഷ്യൻ. അവലക്ഷണത്തിന്റെ അവതാരമായ ഗേയ്സും ലെസ്ബിയനിസവും ഒന്നും ഇന്നു അമേരിക്കയിലെയും യൂറോപ്പിലെയും താരങ്ങൾ മാത്രമല്ല, സംസ്ക്കാര സമ്പന്നതയുടെ ഈറ്റില്ലം എന്നു വിശേഷിക്കപ്പെടുന്ന ഇൻഡ്യയിലും അങ്ങനെതന്നെ. അവലക്ഷണമായതിനു നിയമപരിരക്ഷ നൽകുവാൻ ഇവിടുത്തെ നിയമനിർമ്മാണസഭകൾ കാണിക്കുന്ന ആർത്തിയെക്കുറിച്ചു കേട്ടറിഞ്ഞപ്പോൾ, കർത്താവു പറഞ്ഞ വചനം അക്ഷരംപ്രതി നിറവേറുകയാണല്ലോ എന്നു ചിന്തിച്ചുപോയി (ലൂക്കോ. 17:26-30). ധാർമ്മീകമായി അധഃപതിക്കുവാൻ ഇനി ബാക്കി വല്ലതുമുണ്ടെന്നു തോന്നുന്നില്ല. അത്ര ഭയങ്കരമാണ് മനസ്സാക്ഷി മരവിച്ച മനുഷ്യ ൻ നടത്തുന്ന മ്ലേച്ഛതകൾ.

### 4. പ്രകൃതിയിലെ മാറ്റങ്ങൾ:-

മഹാവ്യാധിയും ക്ഷാമവും ഭൂകമ്പവും ഒക്കെ നാഥന്റെ വരവിന്റെ അടയാളങ്ങളായി സൂചിപ്പിച്ചിട്ടുണ്ട് (ലൂക്കോ. 21:10-11). ഇവയെല്ലാം ഇന്നു ഭൂമിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു വെറുതെ പറയുകയല്ലന്ന് വാർത്തകൾ ശ്രദ്ധിക്കുന്നവർക്കറിയാം. കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ഉണ്ടായതിലും അധികം ഭൂകമ്പങ്ങൾ കഴിഞ്ഞ 30 വർഷങ്ങൾക്കുള്ളിൽ ഉണ്ടായി എന്നാണ് ശാസ്ത്രം കണക്കുകൾ നിരത്തി വെളിപ്പെടുത്തുന്നത്. മനുഷ്യന്റെ അകൃത്യം ഭൂമിയ്ക്കു ഭാരമായിത്തീർന്നിരിക്കുന്നു. തൻനിമിത്തം ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുകയും അത് മത്തനെപ്പോലെ ചാഞ്ചാടുകയും കാവൽമാടം പോലെ ആടുകയും ചെയ്യുമ്പോൾ അതു കരയെ പ്രകമ്പനം കൊള്ളിക്കുന്ന ഭൂകമ്പങ്ങളായി മാറുന്നു. "ഇനി കുറഞ്ഞൊന്നു കഴിഞ്ഞിട്ട് ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും... സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും" എന്നു ഹഗ്ഗായി 2:6-7 ൽ കാണുന്നതുപോലെ ഭൂമിയും കരയും മാത്രമല്ല, ഇപ്പോൾ കടലിലും ഇളക്കങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. അതാണല്ലോ സുനാമി എന്ന പ്രതിഭാസം. എല്ലാറ്റിനും ഇളക്കം സംഭവിക്കുമ്പോൾ തിരുവചനം വിശ്വസിക്കുന്ന ദൈവമക്കൾ ഓർക്കണം, നിലനില്ക്കുന്ന ഒന്നു സ്ഥാപിതമാകുവാൻ കാലമിനി ഏറെയില്ല. ഹഗ്ഗായി പ്രവാചകൻ പറഞ്ഞിരിക്കുന്നതുപോലെ സകലജാതികളും ആഗ്രഹിക്കുന്ന ഒരുവൻ വെളിപ്പെടേണ്ടതിനത്രേ, ഭൂമിയും, കരയും, കടലും എല്ലാം ഇളകിമറഞ്ഞുകൊണ്ടിരിക്കുന്നത്. തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ അടയാളങ്ങൾ സംഭവിക്കുന്നതു കാണുമ്പോൾ നമ്മുടെ നാഥന്റെ വരവ് അടുത്തിരിക്കുന്നു എന്നു ഗ്രഹിക്കുകയും അതിനായി ഒരുങ്ങുകയും ചെയ്യണം.

ശാപരഹിതമായ ഭൂമിയിൽ വസിപ്പാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. സമാധാനവും സ്വസ്ഥതയുള്ള ഒരു കാലത്തിനായി അവൻ കൊതിക്കുന്നു. യുദ്ധവും ക്ഷാമവും ഇല്ലാത്ത, നീതിയും ന്യായവും നടമാടുന്ന ഒരു നല്ല നാളേയ്ക്കായി കാത്തിരിക്കുന്നു. യേശുക്രിസ്തു ഈ ലോകത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത് ആയിരം ആണ്ടുവാഴ്ച സ്ഥാപിതമാകുമ്പോൾ ആ നല്ലനാളെയെക്കുറിച്ചുള്ള മനുഷ്യന്റെ പ്രതീക്ഷ പൂവണിയും. യേശു ഭരണം ഏല്ക്കുവാൻ താമസംവിനാ കടന്നുവരും. അവന്റെ വരവിന്റെ അടയാളങ്ങൾ നിറവേറിക്കൊണ്ടിരിക്കുന്നു. ആകയാൽ അവനെ എതിരേല്പ്പാൻ ഒരുക്കമുള്ളവരായിരിപ്പാൻ കർത്താവ് ഏവരെയും സഹായിക്കട്ടെ!!

◆

# അഭിഷേകം എന്തിന്?

(തുടർച്ച)

**പാസ്റ്റർ വിനോദ് ജയിക്കബ്**

യേശു തടവുകാർ എന്നതിനു പകരം ഉപയോഗിച്ചിരിക്കുന്ന പദം പീഡിതൻ (Bruised). നമ്മുടെ ഉള്ളിലുള്ള യുദ്ധത്തെ സൂചിപ്പിക്കുന്നതാണ് ഈ പദം. എന്നു പറഞ്ഞാൽ ഒരുവൻ ജീവിതപ്രശ്നങ്ങളാൽ ഞെരുങ്ങി പൊടിഞ്ഞ് നുറുങ്ങിയിരിക്കുന്നു. ഒടുവിൽ അവൻ പറയും ഇതെന്റെ വിധിയാണ്. ശരിയാംവണ്ണം ജീവിക്കാനുള്ള വിധി നിഷേധിക്കപ്പെട്ടവർ. ചിലഘട്ടങ്ങളിൽ ജീവിതം എളിയവർ എന്ന നിലയിൽനിന്ന് ഹൃദയം നുറുങ്ങിയ നിലയിലേക്കും രക്ഷപെടാൻ കഴിയാത്ത വിധം അവിടെനിന്ന് ഒരു പെട്ടിക്കകത്ത് അടച്ചുപൂട്ടിയ നിലയിലേക്കും എത്തുപെടും. ആ അവസരത്തിൽ പിശാച് സമീപേ കടന്നുവന്നു "നിന്നെ എനിക്കു ലഭിച്ചിരിക്കുന്നു. നിനക്കു രക്ഷപെടുവാൻ കഴികയില്ല. നിന്റെ പ്രാർത്ഥന ദൈവം കേൾക്കയില്ല. നിന്റെ അവസാനമായ ശവക്കല്ലറയുടെ മുകളിൽ ഞാൻ നൃത്തം വയ്ക്കും". എന്നു പറയുന്നു.

അവസാനമായി ഇതാ തടവുകാർ ബദ്ധന്മാർ ആകുന്നു. എളിയവർ, ഹൃദയം തകർന്നവർ, തടവുകാർ ഇവരെ ചങ്ങലയിൽ ഇട്ടു പൂട്ടുന്നു. അവരുടെ പരിതസ്ഥിതികൾ, സാഹചര്യങ്ങൾ അവരെ ബന്ധിച്ചിരിക്കുന്നു. അവരുടെ കാലുകൾ ബന്ധിച്ചിരിക്കുമ്പോൾ പരിപൂർണ്ണമായി നിശ്ചലാവസ്ഥയിലാക്കിയിരിക്കുന്ന ചിത്രം നമുക്ക് ദർശിക്കാം. എന്നു പറഞ്ഞാൽ ഒരു തരത്തിലും ഊരിപ്പോരാൻ വയ്യാത്ത സ്ഥിതി. തകർന്നിരിക്കുന്നു. അനങ്ങാൻ വയ്യാത്ത അവസ്ഥ. ഈ വാക്കുകളിലുള്ള പുരോഗതി നിങ്ങൾ ശ്രദ്ധിച്ചോ?

. എളിയവർ പറയുന്നു ഞാൻ സഹിക്കുന്നു, പക്ഷേ ഇനി എന്നെക്കൊണ്ട് സാധ്യമല്ല.

ഹൃദയം തകർന്നവർ പറയുന്നു എന്റെ ഹൃദയം അകത്തുനിന്നും തകരുന്നു.

തടവുകാർ-പിശാച് പറയുന്നു ഇനി നീ ഇതിനകത്തു നിന്ന് പുറത്തു വരാൻ പോകുന്നില്ല.

ബദ്ധന്മാർ - ജീവിതസാഹചര്യങ്ങളോട് എനിക്ക് ഇനി ഒട്ടുമേ പ്രതികരിക്കാൻ സാധ്യമല്ല.

യെശയ്യാവ് 61:1-3 വരെയുള്ള ഭാഗത്തെ നാലായി തരംതിരിച്ച പ്രധാനപദങ്ങളിലെ രണ്ടാമത്തേതാണ് ശക്തി (Power). പരിശുദ്ധാത്മ അഭിഷേകത്തിന്റെ ശക്തി കടന്നുവരുമ്പോൾ ഈ ലോകത്തിലെ വേദനകൾക്കുനേരെ പ്രതികരിക്കുവാനുള്ള ശക്തിഉണ്ടാകും. നമുക്ക് ആർക്കും തന്നെ ഈ ലോകത്തിലെ എളിയവരുടെ, ഹൃദയം നുറുങ്ങിയവരുടെ, തടവുകാരുടെ, അനങ്ങാൻ വയ്യാത്തവന്റെ, സ്ഥിതിയ്ക്കു ഭേദംവരുത്തുവാൻ സാദ്ധ്യമല്ല. എന്നാൽ ദൈവത്താൽ സാദ്ധ്യം. ആയതുകൊണ്ടാണ് നമുക്ക് അഭിഷേകം ആവശ്യമായിരിക്കുന്നത്. ഈ അമാനുഷിക ശക്തികൂടാതെ നാം എന്തെങ്കിലും ചെയ്യുന്നെങ്കിൽ അത് നല്ല പ്രവർത്തിയാണ്. പക്ഷേ, അത് ഉത്സാഹിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള പ്രവർത്തി മാത്രമേ ആകൂ. ഈ ലോകത്തിൽ പരിശുദ്ധാത്മ അഭിഷേകത്തിന്റെ ശക്തിയാൽ നാം സദ്വർത്തമാനം ഘോഷിക്കുന്നു. ഈ സദ്വർത്തമാനം എളിയവർക്കു നൽകപ്പെട്ടിരിക്കുന്നു. അവരുടെ അടുക്കൽ വന്ന് അവരുടെ ഭാരത്തെ മനസ്സിലാക്കുന്ന, അതു വഹിക്കുന്ന ഒരുവൻ ഉണ്ടെന്ന് അതിലൂടെ നാം വ്യക്തമാക്കുന്നു.



ഹൃദയം തകർന്നവർക്ക് സദ്വർത്തമാനം നൽകപ്പെടുന്നു. നിങ്ങളുടെ ഹൃദയതകർച്ച സുഖപ്പെടുത്തുന്ന, തകർന്ന സ്വപ്നങ്ങൾ പണിയപ്പെടുന്ന, വീണ്ടും ജീവിക്കാൻ അവസരം നൽകപ്പെടുന്ന ഒരുവൻ ഉണ്ടെന്ന് ഈ ദൂതിലൂടെ വ്യക്തമാക്കി കൊടുക്കുന്നു. പെട്ടിക്കകത്ത് അടയ്ക്കപ്പെട്ടിരിക്കുന്നതുപോലുള്ളവർക്കും ഒരു സദ്വർത്തമാനമുണ്ട്. യേശുവാണ് പുറത്തേക്കുള്ള വഴി, ഭാരപ്പെട്ടിരിക്കേണ്ട ജീവിതഭാരങ്ങളാൽ കുടുങ്ങി കഴിയേണ്ടാ എന്നുള്ള ദൂത് നൽകപ്പെടുന്നു. ബദ്ധന്മാർക്ക് സദ്വർത്തമാനമുണ്ട്. നിങ്ങളുടെ ഇരുമ്പു ഓടാമ്പലുകളെ മുറിച്ച് നിങ്ങളെ നിശ്ചലമാക്കുന്ന അവസ്ഥയ്ക്ക് ഭേദം ഉണ്ടെന്ന് ഈ ദൂതിലൂടെ വ്യക്തമാക്കുന്നു.

വ്യണപ്പെട്ടിരിക്കുന്നവർ എവിടെ എന്ന് ദൈവം അറിയുന്നു. അവരെ മരണത്തിൽ നിന്നും ജീവനിലേക്ക്, ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്, ആകുലചിത്തതയിൽനിന്ന് പ്രതീക്ഷയിലേക്ക് നയിക്കാൻ ആ ദൈവത്തിന് കഴിയും. വീണ്ടെടുക്കപ്പെട്ട സമൂഹത്തിന് പലപ്പോഴും ഈ വ്യണപ്പെട്ടിരിക്കുന്ന ലോകത്തിന് ക്രിയാത്മകമായ ദൂതു നൽകികൊ ➡

ടുക്കാൻ സാധിക്കുന്നില്ല എന്നതാണ് ഒരു കുറ്റസംഗതി. ഈ ലോകജനതയ്ക്ക് അധികവേദന അല്ല ആവശ്യം, മറിച്ച് സ്വതന്ത്രമാക്കുന്ന ശക്തിയാണ് ആവശ്യം. ഈ വേദനപ്പെട്ടിരിക്കുന്ന ലോകത്തിന് നമുക്കു കൊടുക്കാൻ കഴിയുന്നത് ഈ നല്ല വാർത്തയാണ്. അതാണ് സുവിശേഷം.

നാം ഹൃദയം തകർന്നവരുടെ മുറിവുകെട്ടുന്നു എന്നു പറഞ്ഞാൽ, ഒരു ഒടിഞ്ഞ അസ്ഥിയെ ഒരു മരക്കഷണത്തിന്റെ സഹായത്തോടെ യഥാസ്ഥാനം നിർത്തികൂട്ടികെട്ടി വീണ്ടും ആ ഒടിവ് വലുതാകാൻ ഇടയാകാതെ സൂക്ഷിക്കുന്ന ആശയം ആണ് ഇതിന്റെ പുറകിലുള്ളത്. വേദനയിൽ ഇരിക്കുന്നവരുടെ ഹൃദയം തകർന്നിരിക്കുകയാണ്. എന്നാൽ നാം അവരുടെ തകർച്ച വലിയ തകർച്ച ആകാതിരിക്കാൻ അതിനെ പരിമിതപ്പെടുത്തുന്നു. ഇതിന് വളരെ സന്തുലിതമായ അവസ്ഥ ആവശ്യമാണ്. ഈ വിധത്തിലുള്ള ആളുകളെ കണ്ടുമുട്ടുമ്പോൾ നാം നമ്മുടെ നിലവാരം മാറ്റേണ്ടതില്ല. എന്നാൽ അവർ സൗഖ്യമാകേണ്ടതിനും, വീണ്ടെടുക്കപ്പെടേണ്ടതിനും വളരെ സൗമ്യതയോടും, മര്യാദയോടും ഇടപെടുന്നു.

തടവുകാർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു. ഈ വാക്ക് യോബേൽ സംവത്സരത്തിൽ ഉപയോഗിക്കുന്ന വാക്കാണ്. ഇതിന്റെ യഥാർത്ഥ അർത്ഥം പുതിയ ആരംഭം, പുതിയ തുടക്കം എന്നൊക്കെയാണ്. ഈ തടവുകാർക്ക് ദൈവത്തിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നാം പ്രഖ്യാപിക്കുന്നു. അവരുടെ എല്ലാം അവസാനിച്ചു എന്നു തോന്നുമ്പോൾ ദൈവം അവർക്കു ഒരു പുതിയ തുടക്കത്തിന് ഒരു പുതുവഴിയായി തീരുന്നു. പഴയതെല്ലാം കഴിഞ്ഞുപോയി സകലവും പുതുതായി തീർന്നിരിക്കുന്നു. ബദ്ധന്മാർക്കു വിടുതലിന്റെ ഒരു പുതിയ സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ അവരുടെ കാരാഗ്രഹം തുറക്കുന്നു. കടത്താൽ, സാഹചര്യത്താൽ, ജീവിതപ്രതിസന്ധികളാൽ, വിദ്വേഷത്താൽ ബന്ധിച്ചവരെ ഈ അഭിഷേകം സ്വതന്ത്രമാക്കുന്നു.

അഭിഷേകം നല്കപ്പെടുന്നതിന് ഒരു ഉദ്ദേശമുണ്ട്. ദൂതിന്റെ സ്വഭാവം, നമ്മുടെ ബന്ധങ്ങളുടെ മേന്മ, കാഴ്ചപ്പാട്, നാം വിടുവിക്കാൻ ഉപയോഗിക്കുന്ന ആ ഉറപ്പും, അധികാരവും. ഈ പുതിയ ബന്ധത്തിന്റെ മാതൃക ഉടനെ തന്നെ വെളിവാക്കുന്നു. ദുഃഖിതന്മാരെ ഒക്കെ ആശ്വസിപ്പിക്കാനും സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനുപകരം ആനന്ദതൈലവും വിഷണ്ഡ മനസ്സിനുപകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. അവർ മഹത്വീകരിക്കപ്പെടേണ്ടതിനു അവർക്കു നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും (യെശ. 61:3).

ദുഃഖിക്കുന്നവരെ ആശ്വാസം എതിരേറ്റു ചെല്ലും. പ്രശ്നപൂരിതമായവരുടെ ജീവിതം സൗന്ദര്യം എന്ന കിരീടത്താൽ ചൂടപ്പെടും. ഭാരമുള്ള ഹൃദയത്തിൽ സ്തുതി എന്ന മേലാട ഉണ്ടാകും. ഈ ഭാഗത്തുള്ള വ്യത്യസ്തമായ അനുഭവങ്ങൾ നോക്കാം. ദുഃഖിതന്മാർ എന്നു പറഞ്ഞാൽ ഒരുവന് പ്രിയപ്പെട്ടവനായിരുന്ന ആരെങ്കിലും നഷ്ടപ്പെട്ടിട്ട് ചാരത്തിനകത്ത് ഇരിക്കുന്ന അനുഭവം. പഴയ കാലത്ത് ഈ വിധം ദുഃഖം കടന്നുവരുമ്പോൾ ഇപ്രകാരം ജനം ഇരിക്കുമായിരുന്നു. എന്നാൽ അഭിഷേകത്തിന്റെ സമൂഹം ആശ്വാസപ്രദനിൽ നിന്നുള്ള ആശ്വാസം പകർന്നു കൊടുക്കും. ഇവരുടെ മേൽ സ്തുതി എന്ന മേലാടയും അലങ്കാരമാലയും എല്ലാം കൊടുക്കും. അടിമത്വത്തിൽ കിടന്നു കുഴഞ്ഞ് മടങ്ങി വന്നിരിക്കുന്ന ജനത്തിന്റെ പട്ടണം വെണ്ണീറിൽ കിടക്കുകയാണ്. എന്നാൽ അതിനു പകരം ആനന്ദതൈലവും, അലങ്കാരവും മറ്റും പകരുമെന്ന്. അവരുടെ നിരാശ, ഭാരം, എന്നിവ മാറും. എന്നിട്ട് അവരുടെ സമൂഹത്തിലാകമാനം ഒരു വ്യത്യാസം വരും. ബാബിലോൺ, പേർഷ്യ സകലരാജ്യങ്ങളും ഇവർ ഈ ചണ്ടിക്കൂമ്പാരത്തിൽനിന്ന് രൂപാന്തരപ്പെടുന്നതിന്റെ ശബ്ദം കേൾക്കും. അതിലൂടെ ദൈവം മഹത്വം എടുക്കും. “അവർ മഹത്വീകരിക്കപ്പെടേണ്ടതിനു അവർക്കു നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും” (യെശ. 61:3).

അവർക്കു ഒരു സ്ഥിരത കൈവന്നിരിക്കുന്നു. അടിമത്വത്തിലേക്കു അവരെ പിടിച്ചുകൊണ്ടുപോയി. ഇതാ വീണ്ടും ഒരു വൃക്ഷം എന്നപോലെ നടപ്പെട്ടിരിക്കുന്നു. അവരുടെ ഫലം നീതിയുള്ള ഫലം. തകർന്നുടഞ്ഞ ജനത്തിന് ഒരു യഥാസ്ഥാനം, സൗഖ്യം, പുതിയ വ്യവസ്ഥിതി, ദുഷ്ടത എന്ന ഫലമുള്ള ജാതികളുടെ നടുവിൽ നീതിയുടെ ഫലം കായിക്കുന്നവർ ഒക്കെ ആക്കിത്തീർത്തത് പരിശുദ്ധാത്മാവ് വന്നപ്പോഴാണ്. യഹൂദാ രാഷ്ട്രം മറ്റുള്ള രാജ്യത്തേക്കാൾ തികച്ചും വ്യത്യസ്തം. ദൈവം അവരിൽ ഒരു ക്രിയ ചെയ്യുന്നതോടൊപ്പം അവരിൽകൂടെയും ചിലപ്രവർത്തികൾ ചെയ്യാനാഗ്രഹിക്കുന്നു. ഈ അഭിഷേകത്തിന്റെ തെളിവു അകമെയുള്ള രൂപാന്തരമാണ്. അവർ ഇപ്പോൾ സദ്വർത്തമാനമുള്ളവരും സന്തോഷ ഹൃദയമുള്ളവരും ഒക്കെയാണ്. അവർ ഇനി അടിമകൾ അല്ല. മറിച്ച് ക്രിസ്തുവേശുവിൽ സ്വതന്ത്രർ, സ്വാതന്ത്ര്യത്തിന്റെ വർഷം പ്രഖ്യാപിക്കുന്നവർ, ഒരു വ്യവസ്ഥിതി ഉള്ളവർ, അകമെ രൂപാന്തരം വന്നവർ.

*(തുടരും...)* ●

# ഇതോ സഭായോഗം?

(തുടർച്ച)

**പാസ്റ്റർ എ. റ്റി. ജോസഫ്**

സഭായോഗങ്ങൾ ബോറടിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്? പണവും, പദവിയും, അധികാരവും, സുഖലോലുപതകളും സഭാഗാത്രത്തെ ദൈവീകബന്ധത്തിൽനിന്നും അകറ്റികൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യവും വസ്തുതാപരവുമാണ്. സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ, ആത്മീയരും വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സഭയുടെ യോഗങ്ങൾ ബോറടിയായി തോന്നുന്നത് സ്വാഭാവികം. റിയാലിറ്റി ഷോകളും, സിനിമകളും, ഇന്ന് ആധുനിക പെന്തക്കോസ്തുടെ വിസിറ്റംഗ് റൂമിലേക്ക് കടന്നുവന്നതുകൊണ്ട് കണ്ണിനും കാതിനും ഇമ്പമായതിൽ മനസ്സ് കുടുങ്ങപ്പോയാൽ ആശ്ചര്യപ്പെടേണ്ടതില്ല. എന്നാൽ "ഒടുക്കം നിങ്ങൾ എന്തുചെയ്യും?" എന്ന കർത്താവിന്റെ ചോദ്യത്തിന്റെ മുമ്പിൽ മടങ്ങിവരുവാനുള്ള മനഃസ്ഥിതി ഉണ്ടായാൽ ഈ അന്ത്യനാളുകൾ അനുഗ്രഹമായിത്തീരും. നിത്യതയെക്കുറിച്ചുള്ള തിരിച്ചറിവാണ് വേദപുസ്തകത്തിലെ ഭക്തശിരോമണികളെ ലോകസ്വനേഹത്തിൽ നിന്നും അകറ്റികൊണ്ടിരുന്നത്. മരണാനന്തര ജീവിതത്തിന്റെ വചനങ്ങൾ നമ്മുടെ ജീവിതത്തിന് അടിസ്ഥാനമായിത്തീരണം. എങ്കിൽ സഭായോഗങ്ങൾ മടുപ്പല്ല പകരം മധുരമുളവാക്കും. നീണ്ട മണിക്കൂറുകൾ ആരാധിച്ചാലും പ്രാർത്ഥിച്ചാലും സമയം പോകുന്നതുപോലുമറിയാതെ അതിൽതന്നെ മുഴുകിയിരുന്നവർ ഇന്ന് ഡ്രംസെറ്റും പിയാനോയും, മൈക്കും ഉണ്ടായിട്ട് ആരാധന വരുന്നില്ല. ഹൃദയത്തിന് ഏകാഗ്രത ലഭിക്കുന്നില്ല. കണ്ണുനിറയുന്നില്ല. വിശ്വാസിയുടെ ജീവിതത്തിൽ അനുഭവമായി തുടരേണ്ട ഇത്തരം കാര്യങ്ങൾ ഒരുതരം ആചാരമായി മാറിക്കൊണ്ടിരിക്കുന്നതിൽ മനസ്സ് വേദനിക്കുന്നുണ്ടെങ്കിൽ... താങ്കളെപ്പോലുള്ളവരെ ദൈവത്തിന് ആവശ്യമുണ്ട്. മടങ്ങിവരിക, പരിശുദ്ധാത്മാവിന്റെ ശക്തിയിലാശ്രയിച്ച് നാം നിൽക്കുന്നതിന്റെ ചുറ്റുപാടിലെങ്കിലും ഒരു ഉണർവ്വുണ്ടാക്കാൻ യത്നിക്കുക.

മുൻകാലങ്ങളിൽ കേരളത്തിലെ ആത്മീകരായ വിശ്വാസികളുടെ ഇടയിൽ ഉപയോഗിച്ചിരുന്ന ചില പദങ്ങളുണ്ട്. "പോരാടി പ്രാർത്ഥിക്കുക", "ഇരിക്കുന്ന ഇടം മറന്നാരാധിക്കുക" തുടങ്ങിയവ. ഇന്ന് ഇതൊക്കെ കേൾക്കുന്നില്ല അന്യംനിന്ന് പോയിരിക്കാം. അല്ലെങ്കിൽ ഫാഷനും പദവിക്കും ചേരുന്നതല്ലായിരിക്കാം. കാത്തിരുന്നു പ്രാപിക്കാൻ ആർക്കാ സമയം? ഫാസ്റ്റ് ഫുഡിന്റെ കാലമല്ലേ? നാം എവിടെ തുടങ്ങി, എവിടെ എത്തിയിരിക്കുന്നു, ഇനിയും എങ്ങോട്ട്? എന്ന് ആഴമായി ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്ക് സ്ഥാപനങ്ങൾ ഉണ്ടെന്നത് നല്ലതുതന്നെ, പദവികളും പണവും അല്പപ്രയോജനമാണ്. നല്ല വിദ്യാഭ്യാസവും അത്യാവശ്യമാണ്. പക്ഷേ അത് ദൈവീകബന്ധം വിച്ഛേദിച്ചുകൊണ്ടാണെങ്കിൽ, എല്ലാ പെന്തക്കോസ്തു പ്രസ്ഥാനങ്ങളും ഭാവിയിൽ നിലനില്പിനുവേണ്ടി വലിയ വില കൊടുക്കേണ്ടിവരും. ആകയാൽ സഭായോഗത്തിൽനിന്നും തുടങ്ങാം. അവിടെനിന്ന് നമുക്ക് ഉണർവ്വിനും, മാറ്റത്തിനും ആരംഭമിടാം. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം, ഉയിർപ്പിന്റെദിനം അതാണല്ലോ ആദിമസഭ കൂടിവരാൻ തിരഞ്ഞെടുത്തത്.



സഭായോഗം അനുഗ്രഹമാകാൻ ആദ്യം മുതൽ തന്നെ ശ്രദ്ധിക്കണം. 'കൃത്യസമയത്ത് ആരംഭിക്കുക' എന്നതാണ് ഒന്നാമത്തെ കാര്യം. ദൈവം പോലും തന്റെ കാര്യങ്ങൾഎല്ലാം അതതിന്റെ സമയത്ത് ഭംഗിയായി ചെയ്യുന്നുവെന്ന് തിരുവെഴുത്ത് ഓർപ്പിക്കുന്നു (സഭാപ്രസംഗി 3:11; മർക്കോ. 7:37). സമയത്ത് സഭായോഗം ആരംഭിക്കാൻ കഴിയാതെ വിശേഷങ്ങൾ തിരക്കിയും, വർത്തമാനം പറഞ്ഞും, പായിട്ടും, പ്രധാനപ്പെട്ടവരെ കാത്തിരുന്നും ഒക്കെ സഭായോഗം താമസിച്ച് തുടങ്ങുന്നത് ദൈവസഭയ്ക്ക് ചേർന്നതല്ല. ചിലയിടങ്ങളിൽ വിശ്വാസികൾ ശുശ്രൂഷകനെ കാത്തിരിക്കും. അല്ലെങ്കിൽ പാസ്റ്ററും കുടുംബവും വിശ്വാസികളെ കാത്തിരിക്കും (കേട്ടറിവുകളും കണ്ടറിവുകളും കുറിക്കുന്നില്ല).

➡

ശുശ്രൂഷകൻ കൃത്യസമയം പാലിക്കുന്നുണ്ടെന്ന് കണ്ടാൽ വിശ്വാസികൾ സമയത്ത് വന്നുകൊള്ളും. നേരത്തെ ഹാളിലെത്തുന്നവർ സംസാരിച്ച് മനസ്സ് മലിമസമാക്കാതെ പ്രാർത്ഥനാനിരതരായിരുന്നാൽ യോഗത്തിന് അതൊരു അനുഗ്രഹമാണ്. മലയാളികളായ നമ്മെ സംബന്ധിച്ച് സമയം പാലിക്കാതിരിക്കുക ഒരുതരം ഹരമോ അതുമല്ലെങ്കിൽ ഒരു വി.ഐ.പി. സ്റ്റൈലോ ഒക്കെയാണ്. കുറഞ്ഞത് അര മണിക്കൂറെങ്കിലും താമസിച്ച് വന്നാലല്ലെ ഒരു വിലയുള്ളൂ, എന്ന ദുരഭിമാനം ആദ്യം തന്നെ ഇല്ലാതാകണം. നാം നമ്മുടെ കുട്ടികളെ സ്കൂളിൽ അയയ്ക്കുമ്പോൾ, ബസ്സ്, ട്രെയിൻ, വിമാനം എന്നീ യാത്രകൾക്കെല്ലാം സമയം പാലിക്കുക മാത്രമല്ല രണ്ടോ മൂന്നോ മണിക്കൂർ മുമ്പുവരെ ചെന്ന് കാത്തിരിക്കുകയും ചെയ്യും. കൂട്ടായ്മകൾക്ക് താമസിച്ച് വരുന്നവർപോലും വിവാഹം പോലുള്ള ചടങ്ങിൽ പങ്കെടുക്കാൻ എല്ലാവരും വരുന്നതിനുമുമ്പുതന്നെ വന്ന് ബസ്സിൽ ഇടം പിടിക്കുന്നത് കണ്ടിട്ടുണ്ട്. ആത്മീയ കാര്യങ്ങൾക്ക്മാത്രം എന്തുകൊണ്ട് ഈ അലസത. കേവലം ഒരു ആകാശയാത്രയ്ക്ക്, ഒരു രാജ്യംവിട്ട് മറ്റൊരു രാജ്യത്തേക്ക് യാത്ര ചെയ്യുവാൻ രണ്ട് മണിക്കൂർമുമ്പ് എയർപോർട്ടിൽ എത്തിച്ചേരണമെന്നാണെങ്കിൽ വാനഗോളങ്ങളെ താണ്ടി പറന്നുപോകാൻ തയ്യാറാകുന്ന വിശ്വാസികൾ എത്രയധികം കൃത്യനിഷ്ഠയും വിശ്വസ്തതയും ഉള്ളവരാകണം. ❖

*(തുടരും...)*

# ചർച്ച് ഓഫ് ഗോഡിനോട് ചേർന്നു



**മുളന്തുരുത്തി:** ആരക്കുന്നത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വതന്ത്ര സഭ ചർച്ച് ഓഫ് ഗോഡിലേക്ക് പാസ്റ്റർ എം കുഞ്ഞപ്പി സ്വീകരിക്കുന്നു. ഇവിടെ ഉണ്ടായിരുന്ന സഭാഹോളും സ്ഥലവും ചർച്ച് ഓഫ് ഗോഡ് വാങ്ങിയാണ് പ്രവർത്തനം ഏറ്റെടുത്തത്. പാസ്റ്റർ സി. ജെ. തോമസ് സമീപം.

## കോഴഞ്ചേരി ഡിസ്ട്രിക്റ്റ്

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കോഴഞ്ചേരി ഗിൽഗാൽ സഭയുടെ ആഭിമുഖ്യത്തിൽ 09.04.2011 ശനിയാഴ്ച നടന്ന വി. ബി. എസ്. റാലി പാസ്റ്റർമാരായ കെ.എ. ഡേവിഡ് (ജയ്മോൻ), വിനോദ് തോമസ് എന്നിവർ നേതൃത്വം നല്കുന്നു.



# സ്വർഗ്ഗത്തിലെ അഞ്ചു പുസ്തകങ്ങൾ

ലിസിയമ്മ മാത്യൂസ്, മുളക്കുഴ

സ്വർഗ്ഗത്തെക്കുറിച്ചുള്ള മനുഷ്യന്റെ സങ്കല്പങ്ങൾ വിഭിന്നമാണ്. ഭൂമിയിൽ കണ്ടിട്ടുള്ള ഭംഗിയേറിയ ഉദ്യാനങ്ങളോ കെട്ടിടങ്ങളോ കാഴ്ചകളോ താരതമ്യം ചെയ്തിട്ടുള്ളതാണ് മനുഷ്യന്റെ സ്വർഗ്ഗസങ്കല്പം.യഥാർത്ഥ സ്വർഗ്ഗം അതിനെല്ലാമതീതമാണ്. സ്വർഗ്ഗങ്ങളും സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും ഉണ്ട് എന്ന് തിരുവചനം പറയുന്നു (2 ദിന. 2:6). മനോഹരമായ തോട്ടങ്ങളും പളുങ്കുനദിയും ജീവവൃക്ഷങ്ങളും രത്നങ്ങളും മുത്തുകളും പതിച്ച കെട്ടിടങ്ങളും സ്വർണ്ണത്തെരുവീഥിയുമുള്ള സ്ഥലമാണ് സ്വർഗ്ഗം. എന്നാൽ സ്വർഗ്ഗത്തിൽ പുസ്തകങ്ങൾ ഉണ്ടോ? സ്വർഗ്ഗത്തിൽ അഞ്ചുവിധമായ പുസ്തകങ്ങൾ ന്യായവിധിയ്ക്കായി ഉണ്ട് എന്ന് തിരുവെഴുത്തിൽ തെളിവുണ്ട്.

കർത്താവ് ന്യായാധിപതിമാത്രമല്ല, നീതിയുള്ള ന്യായാധിപതിയാണ്. നീതിമാന്മാർക്കും ദുഷ്ടന്മാർക്കും അവരവരുടെ പ്രവർത്തികൾക്കു തക്കവണ്ണം നീതിയോടെ ന്യായം വിധിക്കുന്ന ഒരു ദൈവമാണ് നമ്മുടെ ദൈവം. ഈ ലോകത്തിന്റെ കോടതിയ്ക്ക് 'തൊണ്ടി' സഹിതം പ്രതിയെ പിടികൂടിയാൽ ശിക്ഷ വിധിക്കുവാൻ എളുപ്പമാണ്. അങ്ങനെയെങ്കിൽ സ്വർഗ്ഗീയകോടതി തെളിവുകൂടാതെ നമ്മെ ന്യായം വിധിക്കുമോ?

**1. ജീവപുസ്തകം:**

ഒരു വ്യക്തി തന്റെ പാപം ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് കർത്താവിൽ പുതിയ വ്യക്തിയായിത്തീരുവാൻ തീരുമാനിക്കപ്പെടുന്ന നിമിഷത്തിൽ അവന്റെ/അവളുടെ പേര് സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിൽ എഴുതപ്പെടുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയസൃഷ്ടിയാകുന്നു (2 കൊരി. 5:17). പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല (യോഹ. 3:3). ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു (ഫിലി. 4:3). ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:15).



**2. സ്മരണപുസ്തകം/ ഓർമ്മയുടെ പുസ്തകം:**

ദൈവം നല്കിയ ബുദ്ധി ഉപയോഗിച്ച് ആധുനിക മനുഷ്യൻ ദൃശ്യ ശ്രവണ സംവിധാനം (Audio/Video) ഉണ്ടാക്കുന്നുവെങ്കിൽ മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള സകല പ്രവർത്തികളുടെയും ഓർമ്മ പുതുക്കുന്ന പുസ്തകം സ്വർഗ്ഗത്തിലുണ്ട്. മനുഷ്യന്റെ സകല ചിന്തകളെയും വാക്കുകളെയും പ്രവർത്തികളെയും ന്യായം വിധിക്കുന്ന ഒരു ദിവസമുണ്ട്.

*a) ചിന്ത:-* അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനയെ വെളിപ്പെടുത്തും (1 കൊരി. 4:5). മൂടിവച്ചത് ഒന്നും വെളിച്ചത്തു വരാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല (ലൂക്കോ. 12:2).

*b) വാക്ക്:-* ആകയാൽ നിങ്ങൾ ഇരുട്ടത്ത് പറഞ്ഞത് എല്ലാം വെളിച്ചത്തു കേൾക്കും. അറകളിൽ വച്ച് ചെവിയിൽ മന്ത്രിച്ചത് പുരമുകളിൽ ഘോഷിക്കും (ലൂക്കോ. 12:3). മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും എന്ന് ഞാൻ നിങ്ങളോടു പറയുന്നു (മത്താ. 12:36).

*c) പ്രവർത്തി:-* ഒരുത്തൻ പണിത പ്രവർത്തി നിലനിൽക്കുമെങ്കിൽ അവനു പ്രതിഫലം കിട്ടും; ഒരുത്തന്റെ പ്രവർത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും (1 കൊരി. 3:14,15). അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാണെങ്കിലും തീയതാണെങ്കിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10). ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന് അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളി. 22:12).

➡

പ്രാർത്ഥനാ വേളകളിൽ നാം ഒഴുക്കുന്ന കണ്ണുനീരിന്റെ അളവുപോലും ഓർമ്മയുടെ പുസ്തകത്തിൽ ഉണ്ട് (സങ്കീ. 56:8). യഹോവ ഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കുംവേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവച്ചിരിക്കുന്നു (മലാഖി 3:16).

**3. ദൈവവചനം:**

യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു (സങ്കീ. 119:89). സുവിശേഷം അറിഞ്ഞവരെ സുവിശേഷപ്രകാരമാണ് ന്യായംവിധിക്കുന്നത്. ദൈവം യേശുക്രിസ്തുമുഖാന്തിരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായംവിധിക്കുന്ന നാളിൽ തന്നെ (റോമ. 2:16).

ആ ദിവസം അതിനെ വെളിവാക്കും; അതു തീയോടെ വെളിപ്പെട്ടുവരും; ഓരോരുത്തന്റെ പ്രവർത്തി ഇന്നവിധം എന്ന് തീ തന്നെ ശോധന ചെയ്യും (1 കൊരി. 3:13). ദൈവവചനത്തെ 'തീ' യോട് ഉപമിച്ച് പറഞ്ഞിട്ടുണ്ട്. എന്റെ വചനം തീപോലെയും പാറയെ തകർക്കുന്ന ചുറ്റികപോലെയും അല്ലയോ എന്ന് യഹോവയുടെ അരുളപ്പാട് (യിരെ. 23:29). കർത്താവിന്റെ നാമത്തിൽ ചെയ്തിട്ടുള്ള സകല പ്രവർത്തികളും ദൈവവചനമാകുന്ന 'തീ'യിൽകൂടി ശോധന ചെയ്യുമ്പോൾ മരം, പുല്ല്, വൈക്കോൽ പോലെ പുറമെ വലിപ്പമെന്നു തോന്നിയാലും പ്രശസ്തിക്കും പ്രതാപത്തിനും വേണ്ടി ചെയ്ത സകലപ്രവർത്തികളും വെന്തുപോകും. എന്നാൽ വിശ്വസ്തതയോടെ ദൈവവചനവ്യവസ്ഥപ്രകാരം ചെയ്തവ അന്ന് പൊന്ന്, വെള്ളി, വിലയേറിയ കല്ല് പോലെ ശോഭിച്ച് പുറത്തുവരും.

സുവിശേഷം ഒരിക്കൽപോലും കേൾക്കാതെ മൺമറഞ്ഞുപോയ ലക്ഷോപലക്ഷം ജനങ്ങൾ ഉണ്ട്. അവരുടെ മനസ്സാക്ഷിപ്രകാരമാണ് അവരെ ന്യായംവിധിക്കുന്നത് (റോമ. 2:15). "ന്യായപ്രമാണം ലഭിക്കപ്പെട്ടവരെ" മോശെ മുതൽ മലാഖിവരെ ജീവിച്ചിരുന്ന ജനതതിയെ അവർ ഏറ്റുവാങ്ങിയ ന്യായപ്രമാണപ്രകാരം ന്യായം വിധിക്കുന്നതാണ്. ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവൻ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും (റോമ. 2:12).

**4. ആകാശവും ഭൂമിയും:**

തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിന് അവൻ മേലിൽനിന്ന് ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു (സങ്കീ. 50:4). ആകാശവും ഭൂമിയും അന്ന് സാക്ഷ്യം പറയും തലമുഴുവൻ ദീനവും ഹൃദയം മുഴുവൻ രോഗവും പിടിച്ചിരിക്കുന്ന, അടിതൊട്ടുമുടിവരെ ഒരു സുഖവുമില്ലാത്ത യിസ്രായേൽ ജനതയുടെ പാപത്തെ ഓർപ്പിക്കുവാൻവേണ്ടി യെശയ്യാവ് വിളിച്ചു പറയുന്നതിപ്രകാരമാണ്: "ആകാശമേ കേൾക്ക; ഭൂമിയെ ചെവിതരിക; യഹോവ അരുളിചെയ്യുന്നു" (യെശ. 1:3). യിസ്രായേൽജനത്തോടു താൻ സംസാരിച്ച വചനങ്ങൾ ആകാശന്തരീക്ഷത്തിൽ 'റെക്കോർഡ്' (record) ചെയ്യപ്പെടുന്നത് ആത്മാവിൽ ദർശിച്ചുകൊണ്ടാണ് യെശയ്യാവ് അപ്രകാരം വിളിച്ചു പറയുന്നത്.

**5. പ്രപഞ്ചത്തിലെ സചേതനവും അചേതനവുമായ സകല വസ്തുക്കൾ:**

സുവിശേഷ ദൗത്യവുമായി ശിഷ്യന്മാരെ അയയ്ക്കുമ്പോൾ യേശു പറഞ്ഞു: "ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വചനങ്ങളെ കേൾക്കാതെയുമിരുന്നാൽ ആ വീടോ പട്ടണമോ വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളവിൻ (മത്താ. 10:14). അപ്പോസ്തലനായ പൌലോസ് പിസിദ്യാ ദേശത്തിലെ അന്ത്യോക്യയിൽ എത്തി അവിടെയുള്ള പള്ളിയിൽ ശബത്തുനാളിൽ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നപ്പോൾ യഹൂദന്മാർ അസൂയ നിറഞ്ഞവരായി ദുഷിച്ചുകൊണ്ട് പൌലോസ് സംസാരിക്കുന്നതിന് എതിർ പറഞ്ഞു (അപ്പോ. പ്രവൃ. 13:45). എന്നാൽ പൌലോസും കൂടെയുള്ളവരും തങ്ങളുടെ കാലിലെ പൊടി അവരുടെനേരെ തട്ടിക്കളഞ്ഞിട്ട് ഇക്കോന്യയിലേക്ക് പോയി (അപ്പോ. പ്രവൃ. 13:51). കാരണം, യേശു പറഞ്ഞത് ന്യായവിധി ദിവസത്തിൽ ആ പട്ടണങ്ങളേക്കാൾ സോദോമ്യരുടെയും ഗോമോര്യരുടെയും ദേശത്തിന് സഹിക്കാവതാകും എന്നാണ് (മത്താ. 10:15).

അന്ത്യന്യായവിധിക്കായി പുസ്തകം എന്ന് ഏകവചനത്തിലല്ല, പുസ്തകങ്ങൾ തുറക്കുന്ന കാഴ്ചയാണ് യോഹന്നാൻ അപ്പോസ്തലൻ വെളിപ്പാടിൽ കാണുന്നത് (വെളി. 20:11–15). ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു (എബ്രാ. 9:27). അന്ന് പുസ്തകങ്ങൾ തുറന്ന് തെളിവുകൾ നിരത്തുമ്പോൾ നമ്മുടെ അവസ്ഥ എന്തായിരിക്കും?

# ബെഥേൽ മിനിസ്ട്രീസ് ഓഫ് ഇൻഡ്യ ചാരിറ്റിഡേ പ്രോഗ്രാം





18.04.2011 തിങ്കളാഴ്ച കൊട്ടാരക്കര C.G.I. ഹാളിൽ വച്ച് ബെഥേൽ മിനിസ്ട്രീസ് ഓഫ് ഇൻഡ്യാ, കേരളാ, 2011 Charity Day Programme നടത്തി.

ബെഥേൽ മിനിസ്ട്രീസ് ഓഫ് ഇൻഡ്യാ ഡയറക്ടർ പാസ്റ്റർ കെ.എ.ഉമ്മന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രസ്തുത പ്രോഗ്രാമിൽ വിവിധ സഭകളിൽനിന്നും അനേകം കർത്ത്യദാസന്മാരും വിശ്വാസികളും പങ്കെടുത്തു. ബെഥേൽ മിനിസ്ട്രീസ് സെക്രട്ടറി പാസ്റ്റർ രാജു യോഹന്നാൻ സ്വാഗതം ആശംസിക്കുകയും 2010-2011 വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പാസ്റ്റേഴ്സ് എൽ. രാജേഷ്, പി. നെൽസൺ എന്നിവർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സൗജന്യ തയ്യൽ സ്കൂളുകളെ സംബന്ധിച്ച് ലഘുവിവരണം നടത്തി. കൊട്ടാരക്കര ഡിസ്ട്രിക്റ്റ് പാസ്റ്റർ പി. ജി. ശാമുവേൽ പ്രസംഗിച്ചു. ഡോ. മുരളി, പാസ്റ്റേഴ്സ് എം. ജോൺസൺ, റ്റി. എസ്. മത്തായി, എം. എൽ. ജോർജ്ജുകുട്ടി, ജെ. ചാക്കോ, വൈ. മോനി തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

ബെഥേൽ മിനിസ്ട്രീസ് പ്രസിഡന്റ് പാസ്റ്റർ റ്റി. എം. മാമച്ചൻ ബെഥേൽ മിനിസ്ട്രീസ് രൂപീകരിക്കപ്പെട്ടതിന്റെ സാഹചര്യങ്ങൾ വിശദീകരിക്കുകയും തുടർന്ന് അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് 16 തയ്യൽ മെഷീൻ ഉൾപ്പെടെ വിദ്യാഭ്യാസ സഹായം, വിധവാ സഹായം, പുര മേയുന്നതിനുള്ള സഹായം എന്നീ നിലകളിൽ മൊത്തം Rs. 2,55,500 സാമ്പത്തിക സഹായമായി വിതരണം നടത്തുകയും ചെയ്തു. ട്രഷറാർ ബ്രദർ മാത്യു സാം കൃതജ്ഞത രേഖപ്പെടുത്തി.







**ഉദയഗിരി:** 19.04.2011 ചൊവ്വാഴ്ച ഉദയഗിരി C.G.I. ഹാളിൽ നടന്ന യോഗത്തിൽവച്ച് ബെഥേൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ ഉദയഗിരിയിൽ നടത്തിവന്ന 2-ാം ബാച്ച് സൗജന്യ തയ്യൽ പരിശീലനക്ലാസ്സ് പൂർത്തീകരിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ നല്കി. പ്രസ്തുത യോഗത്തിൽ പാസ്റ്റർ കെ.എ.ഉമ്മൻ അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർ രാജു യോഹന്നാൻ സ്വാഗതം ആശംസിക്കുകയും ചെയ്തു. പാസ്റ്റേഴ്സ് പി.എൻ.ഫിലിപ്പ്, പി.ജി.ബാബു, പി. തങ്കച്ചൻ ബ്രദർ പി.സി. ഏബ്രഹാം എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ റ്റി. എം. മാമച്ചൻ സർട്ടിഫിക്കറ്റുകൾ കൈമാറി. പാസ്റ്റർ എൽ. രാജേഷ് നന്ദി പ്രകാശിപ്പിച്ചു.

ADVT.

# സഭാവാർത്തകൾ

## ആറ്റിങ്ങൽ ഡിസ്ട്രിക്റ്റ്

### ഡിസ്ട്രിക്റ്റ് കൺവൻഷൻ:

2011 ഏപ്രിൽ 22 – 24 വരെ ഉള്ളൂർ ദൈവസഭാ മൗണ്ട് ഒലിവ് ബൈബിൾ കോളേജ് ക്യാമ്പസിൽ നടന്ന ഡിസ്ട്രിക്റ്റ് കൺവൻഷൻ ഡിസ്ട്രിക്റ്റ് പാസ്റ്റർ ഈപ്പച്ചൻ തോമസ് ഉത്ഘാടനം ചെയ്തു.

സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, ഇവാ. പി. ഐ. ഏബ്രഹാം, പാസ്റ്റേഴ്സ് പി.സി. ചെറിയാൻ, എം. ജോൺസൺ, റ്റി. എ. ജോർജ്ജ് എന്നിവർ കൺവൻഷനിൽ പ്രസംഗിച്ചു.



## മൗണ്ട് ഒലിവ് ബൈബിൾ കോളേജ് ഗ്രാഡുവേഷൻ

സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യ സന്ദേശം നല്കുകയും, പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. MOBC ഡയറക്ടർ പാസ്റ്റർ ഈപ്പച്ചൻ തോമസ് അദ്ധ്യക്ഷത വഹിക്കുകയും ഗിഫ്റ്റുകൾ നല്കുകയും ചെയ്തു.






കഴിഞ്ഞ 7 വർഷമായി പ്രവർത്തിച്ചു വരുന്ന മൗണ്ട് ഒലിവ് ബൈബിൾ കോളേജിൽ B.Th. കോഴ്സിലേക്കുള്ള അടുത്ത ക്ലാസ്സുകൾ 2011 ജൂൺ 1–ന് ആരംഭിക്കുന്നു. ഉദ്യോഗസ്ഥർക്കും ശുശ്രൂഷകർക്കും പ്രത്യേക സായാഹ്ന ക്ലാസ്സ്

കൂടുതൽ വിവരങ്ങൾക്ക്:

Director, Mount Olive Bible College,
Church of God in India, Ulloor,
Medical College P.O,
Trivandram - 695011, Kerala
Phone: 0471 - 3221488, 9895054767



ADVT.

# ബാംഗ്ലൂർ

പീനിയ ദൈവസഭയുടെ വാർഷിക കൺവൻഷൻ ഏപ്രിൽ 29 മുതൽ മെയ് 1 വരെ നടന്നു. പാസ്റ്റർമാരായ എം. കുഞ്ഞപ്പി, പി.സി. ചെറിയാൻ, പി.ജി. പോൾ, ബി. മോനച്ചൻ എന്നിവർ വചനം ശുശ്രൂഷിച്ചു. മെയ് ഒന്നിന് നടന്ന സഭാ ആരാധനയിൽ സ്റ്റേറ്റ് ഓവർസീയറുടെ വചന ശുശ്രൂഷയിൽ 6 പേർ വിശ്വാസ സ്നാനത്തിനായി പ്രതിഷ്ഠിച്ചു. വൈകിട്ട് നടന്ന പൊതു മീറ്റിംഗിൽ ധാരാളം പേർ ദൈവത്തിന് നന്ദി അർപ്പിച്ച് പ്രാർത്ഥനയ്ക്കായി മുന്നോട്ടു വന്നു. പാസ്റ്റർ ഏബ്രഹാം മാത്യു ഇവിടെ ശുശ്രൂഷിക്കുന്നു. ഫോൺ : 09480675515. ബാംഗ്ലൂർ, മൈസൂർ, ഹൂബ്ലി, മംഗലാപുരം തുടങ്ങിയുള്ള പട്ടണങ്ങളിൽ നടക്കുന്ന ദൈവസഭാ കൂടിവരവുകളുടെ വിവരവും പാസ്റ്റേഴ്സിന്റെ ഫോൺ നമ്പരും താഴെ കൊടുക്കുന്നു. ഈ പ്രദേശങ്ങളിലുള്ള എല്ലാ ദൈവസഭാ വിശ്വാസികളും താഴെ പറയുന്ന സഭകളിൽ ഒന്നിൽ ആരാധനയ്ക്ക് കൂടുവാൻ പ്രത്യേകം ഓർപ്പിക്കുന്നു.

ബാംഗ്ലൂർ സിറ്റിയിലുള്ള സഭകളെ രണ്ട് ഡിസ്ട്രിക്റ്റുകളായി തിരിച്ചിരിക്കുന്നു. ബാംഗ്ലൂർ എന്നും ബാംഗ്ലൂർ നോർത്ത് എന്നും ഇത് അറിയപ്പെടുന്നതാണ്. മൈസൂർ ഡിസ്ട്രിക്റ്റിന്റെ ചുമതല പാസ്റ്റർ തോമസ് പോൾ നിർവ്വഹിക്കുന്നു. ഫോൺ നമ്പർ : 08212596118, 09845336331

## CHURCH OF GOD IN INDIA
## BANGALORE DISTRICT - CHURCH & TELE PHONE NUMBERS

| | | |
|---|---|---|
| PR. P. G. PAUL (DIST. PASTOR) | KORAMANGALA | 09035783476, 0991693541 |
| PR. THOMAS PAUL | MYSORE | 08212596118 |
| PR. P. M. MATHEW | LINGARAJAPURAM | 09731450165 |
| PR. BIJU PHILIP | JALAHALLI | 09448308387 |
| PR. JAIMON K. BABU | HOSUR | 09597354646 |
| PR. JOSEPH JOHN (REJI) | BENNARGHATTA | 09886834301 |
| PR. T. VARGHESE | MARATHAHALLI | 09972804660 |
| PR. ABRAHAM MATHEW | PEENYA | 09480675515 |
| PR. RATHEESH A. | CHANTHAPURA | 09741102144 |
| PR. KUNJUMON DANIEL | M.S. PALAYA | 09900706254 |
| PR. BOBY BABU | MAJESTIC | 08095795955 |
| PR. ANISH P. VARGHESE | K.R. PURAM | 09742384884 |
| PR. VINU GEORGE | WHITE FIELD (MS) | 09986454637 |
| PR. JOSEPH P. JOHN | SARJAPURA (MS) | 09035859265 |
| PR. JOBY THOMAS | METAHALLI | 09448434135 |
| PR. JACOB THOMAS | KADAKOLA | 09845124764 |
| PR. VIJOSH K. V. | YELAHANKA | 08553331487 |
| PR. KURIAN MATHEW | MANGALORE | 09482579981 |
| PR. ABY ABRAHAM | UDUPI | 08884097940 |

## BANGALORE NORTH DISTRICT

| | | |
|---|---|---|
| PR. E. J. JOHNSON (DISTRICT CO-ORDINATOR) | RT NAGAR | 09880601265 |
| PR. K. K. PONNACHAN | JAYANTHI NAGAR | 09742586321 |
| PR. JUSTIN KOSHY | UTHARAHALLI | 09844208600 |
| PR. PAUL NARAYANAN | DAVANGARA | 09480225803 |
| PR. A. S. VARGHESE | HOSUR NORTH | 09442489563 |
| PR. BABU K. ABRAHAM | ARASHINGARA, KOPPA | 09611767173 |
| PR. N. K. VASU | CHICKABALAPUR | |

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ

## ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്, കുമ്പനാട്

സഹോദരിമാർക്ക് ദൈവവചനം അഭ്യസിക്കുന്നതിന് ഒരു സുവർണ്ണാവസരം

| കോഴ്സുകൾ: | മാധ്യമം: | കാലാവധി: | യോഗ്യത |
|---|---|---|---|
| B.Th | English/ Malayalam | 3 years | +2 |
| G.Th | Malayalam | 3 years | S.S.L.C |

**ഞങ്ങളുടെ പ്രത്യേകതകൾ:**

- വേദശാസ്ത്ര പാ Þ 1ിത്യവും അനുഭവസമ്പത്തുമുള്ള അദ്ധ്യാപകർ
- സുവിശേഷവേലയിൽ പ്രായോഗിക പരിശീലനം
- ഹോം നേഴ്സിംങ് പരിശീലനം
- കൗൺസിലിംഗിൽ പരിശീലനം
- മ്യൂസിക് ക്ലാസ്സുകൾ
- അർഹരായവർക്ക് സ്കോളർഷിപ്പ്
- ഉന്നതവിജയികൾക്ക് തുടർപഠനാവസരം
- കുമ്പനാടും പരിസരപ്രദേശങ്ങളിലുമുള്ളവർക്ക് ദിവസേന വന്നുപഠിക്കാൻ സൗകര്യം.

അപേക്ഷകർ സഭാ ശുശ്രൂഷകന്റെ ശുപാർശ കത്തുമായി 2011 മെയ് 20 വെള്ളിയാഴ്ച ബേഥേൽ ലേഡീസ് ബൈബിൾ കോളേജിൽ വച്ചു നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്.

അപേക്ഷാഫോറത്തിന് ഉടൻ അപേക്ഷിക്കുക:-

**മിസിസ്സ് സൂസി ജോൺസൺ, പ്രിൻസിപ്പാൾ,**
**ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്,**
**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ, കുമ്പനാട് - 689547**
**ഫോൺ : 0469-2665933/9495989659**

### തിരുമല ഡിസ്ട്രിക്റ്റ്

തിരുമല ഡിസ്ട്രിക്റ്റിൽ ചാമവിള സഭയിൽവച്ച് 2011 മാർച്ച് 2-6 വരെ നടന്ന ഉപവാസപ്രാർത്ഥനയാൽ സഭ ആത്മീയമായി ഉണർത്തപ്പെട്ടു. 5-ാംതീയതി ശനിയാഴ്ച ഡിസ്ട്രിക്റ്റ് പാസ്റ്റർ എം. വത്സലദാസ് സ്നാനശുശ്രൂഷ നടത്തി. പാസ്റ്റർ യേശുദാനം ഇവിടെ ശുശ്രൂഷിക്കുന്നു.

### കോന്നി ഡിസ്ട്രിക്റ്റ്

2011 മാർച്ച് 28 മുതൽ ഏപ്രിൽ 3 വരെ ചേരിമുക്ക് ദൈവസഭയിൽ നടന്ന ഉപവാസപ്രാർത്ഥന മുഖാന്തിരം സഭ ആത്മീകമായി ഉണർത്തപ്പെടുകയും ഒരാൾ വിശ്വാസസ്നാനം സ്വീകരിച്ചു സഭയോടു ചേരുകയും ചെയ്തു. ഡിസ്ട്രിക്റ്റ് പാസ്റ്റർ ഇ. എസ്. വർഗ്ഗീസ് സ്നാനശുശ്രൂഷ നടത്തി. ഇവിടെ പാസ്റ്റർ ചാക്കോ ജോർജ്ജ് ശുശ്രൂഷിക്കുന്നു.

### മൂവാറ്റുപുഴ ഡിസ്ട്രിക്റ്റ്

കടമറ്റം: മൂവാറ്റുപുഴ ഡിസ്ട്രിക്റ്റിന്റെ കീഴിൽ കടമറ്റം കേന്ദ്രമാക്കി ദൈവസഭയുടെ ഒരു പുതിയ പ്രവർത്തനം നടന്നുവരുന്നു. പാസ്റ്റർ ഷാജി വർഗ്ഗീസ് കുടുംബമായി താമസിച്ച് ഇവിടെ പ്രവർത്തിക്കുന്നു. ഈ വേലയെ ഓർത്തു പ്രാർത്ഥിക്കേണമേ.

**പാസ്റ്റർ ഷാജി വർഗ്ഗീസ്, തൈപറമ്പിൽ (H), കടമറ്റം**

# കർത്തൃസന്നിധിയിൽ



**ഏഴംകുളം:** തറയശ്ശേരിൽ എബനേസ്സർ കോട്ടേജിൽ പരേതനായ വൈ.ബേബി യുടെ ഭാര്യയും ഏഴംകുളം ദൈവസഭാംഗവുമായ മേരിക്കുട്ടി(80) നിത്യതയിൽ പ്രവേശിച്ചു. മാർത്തോമ സഭയിൽ നിന്നും ഏകയായി വിശ്വാസ മാർഗ്ഗത്തിൽ കടന്നു വന്ന മേരിക്കുട്ടി തന്റെ കുടുംബത്തെ മുഴുവൻ കർത്താവിനായി നേടി. പെന്ത ക്കോസ്ത് വിശ്വാസ പ്രമാണങ്ങളിൽ നിശ്ചയദാർഢ്യമുള്ള വിട്ടുവീഴ്ചക്ക് തയ്യാ റാകാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു ഈ മാതാവ്.തനിക്ക് ലഭിച്ച മൂന്നു മക്കളെയും കർതൃ വേലയ്ക്ക് സമർപ്പിച്ചു. ശവസംസ്ക്കാര ശുശ്രുഷ ഇൻഡ്യാ റെപ്രസന്റേറ്റിവ് പാസ്റ്റർ കെ.സി.ജോൺ നടത്തി. ഡിസ്ട്രിക്ട് പാസ്റ്റർ റ്റി.സി ചെറി യാൻ ശുശ്രുഷകൾക്ക് നേതൃത്വം കൊടുത്തു പാസ്റ്റർമാരായ പി.എ.വി. സാം, പി. എസ് ഫിലിപ്പ്, ബാബു ജോർജ്ജ്, എം.ഓ ഏലിയാസ്, ജെ.ജോസഫ്, പി.ജെ.ജെയിംസ്, പി.സി ചെറി യാൻ, വിനോദ് ജേക്കബ്ബ്, സജി ജോർജ്ജ്, കെ.വി ജോയിക്കുട്ടി, ലാലി ഫിലിപ്പ്, ജി.അലക്സ്, എം. ജോൺസൻ, ഇ.ജെ ജോൺസൻ, ഏ.റ്റി ജോസഫ്, എൻ.സി ചാക്കോ, ഈപ്പൻ ചെറിയാൻ, പി.ജി ശാമുവേൽ, പി.പി.കുര്യൻ, കെ.എം.ചെറിയാൻ, സാംകുട്ടി മാത്യു, കെ.റ്റി വർഗീസ്, പി.റ്റി മാത്യു, പി. എൻ ഫിലിപ്പ്, കെ.എം ബേബി, സഹോദരന്മാരായ ഏബ്രഹാം ഫിലിപ്പോസ്, കെ.ഏബ്രഹാം, ജോസഫ് മറ്റത്തുകാല,ഡോ.ജോസ് കോശി ജോർജ്ജ്, കെ ജോൺ, തോമസ് പോൾ, പ്രഫ.എം.കെ ശാമുവേൽ, ജോസഫ് ജോൺ തുടങ്ങി അനേകർ അനുശോചനം അറിയിച്ചു. മക്കൾ: പാസ്റ്റർ സാം.റ്റി. ബേബി(ഏ.ജി കരുനാഗപ്പള്ളി സെക്ഷൻ പ്രസ്ബിറ്റർ) അന്നമ്മ കുഞ്ഞപ്പി(ചർച്ച് ഓഫ് ഗോഡ് എൽ.എം പ്രസിഡന്റ്) ജോസ് ബേബി (സൺഡേസ്കൂൾ പ്രസിഡന്റ് ചർച്ച് ഓഫ് ഗോഡ്) മരുമക്കൾ: കുഞ്ഞമ്മ സാം, പാസ്റ്റർ എം.കുഞ്ഞപ്പി( ഓവർസിയർ ചർച്ച് ഓഫ് ഗോഡ് ) സൂസൻ ജോസ് ബേബി.



**തൃശ്ശൂർ:** സിറ്റി ചർച്ച് ഓഫ് ഗോഡ് സഭാംഗം തൈക്കാട്ടിൽ തിമോത്തി (73) 30.03.2011ന് നിത്യതയിൽ ചേർക്കപ്പെട്ടു. തൃശ്ശൂരിൽ ദൈവസഭയുടെ പ്രാരംഭകാല പ്രവർത്തകനായിരുന്നു. സംസ്കാരശുശ്രൂഷ ദൈവസഭ ഫീൽഡ് ഡയറക്ടർ പാസ്റ്റർ ഈപ്പൻ ചെറിയാൻ നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് മലബാർ മേഖലാ ഡയറക്ടർ പാസ്റ്റർ മാത്യു കെ. ഫിലിപ്പും ജോർജ്ജ് വി. ജിൻസനും നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺ ജോസഫ്, എം. ഇ. റെജി, സി. ജെ. ശമുവേൽ, കെ.ജെ. ഫിലിപ്പ്, മാത്യു കെ. വർഗ്ഗീസ്, എം.റ്റി. മാത്യു, നൈനാൻ ഫിലിപ്പ്, എം.ജെ. സജി, ബേബി പുതുശ്ശേരി, ബ്രദർ സി. പി. അബ്രഹാം, കെ. വി. വർഗ്ഗീസ്, റവ. ഷാജി റാഫേൽ തുടങ്ങി അനേക ദൈവദാസന്മാർ ദൈവവച നം ശുശ്രൂഷിച്ചു. ഭാര്യ റീന. മക്കൾ: പാസ്റ്റർ സോജൻ റ്റി. റ്റി. (പുല്ലഞ്ചേരി), പാസ്റ്റർ ഷൈജൻ റ്റി. റ്റി. (തൃശ്ശൂർ സിറ്റി), ഷൈനിമോൾ (തൃശ്ശൂർ). മരുമക്കൾ: ക്രിസ്റ്റി, മേരിക്കുട്ടി



**തിരുവല്ല:** കുളക്കാട് ചക്കാലയിൽ മേലേതിൽ റവ. എം. ഇസഡ്. കൊച്ചു കോശി (82) നിര്യാതനായി. കുമ്പനാട് ഹെബ്രോൻ പാരിഷ് ഹാളിലെ ശുശ്രൂഷയ്ക്ക് ശേഷം ശവസംസ്കാര ശുശ്രൂഷ കുഴിക്കാലയിലുള്ള ഐ.പി.സി. ശാലേം സഭാ സെമിത്തേരിയിൽ നടന്നു. ഭാര്യ പത്തനംതിട്ട മുണ്ട് കോട്ടക്കൽ തങ്കമ്മ. മക്കൾ: സോളമൻ, ഡോ. സഖറിയ, അലക്സാണ്ടർ, സൈമൺ, എസ്ഥേർ, സെഫനി, സാമുവേൽ (എല്ലാവരും യുഎസ്എ). മരുമക്കൾ: ആലീസ്, റെനി, എലിസബ ത്ത്, റവ. ഈപ്പൻ യോഹന്നാൻ, മേഴ്സി, സൗമ്യ (എല്ലാവരും യുഎസ്എ). ഐ. പി.സി. തമിഴ്നാട് സ്റ്റേറ്റ് പ്രസിഡന്റ് റവ. എം.എസ്. സാമുവേൽ സഹോദരനാ ണ്.




# ബി. എസ്. സി. & ജനറൽ നഴ്സിംഗ്

**കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനം**

# BETHEL MEDICAL MISSION HOSPITAL & NURSING COLLEGE

Bethel Medical Institute of Nursing Science (INC-18-15/2335)

Gayathri Institute of Nursing Science (INC-18-15/2335), Valley School of Nursing (INC-18-15/1366)

Sy. No. 5/3, Preethi Nagar, Near Laggere,Ring Road Bridge, Banglore - 560 058

## APPROVED BY : I.N.C., K.N.C. AFFILIATED TO R.G.U.H.S.



## CONTACT FOR ADMISSION

PR. SAM PAUL, DIRECTOR, BETHEL MEDICAL GROUP

ROOM NO. 14, 1ST FLOOR, REVENUE TOWER

THIRUVALLA -1, PH: 9745157007, 9747037777, 0469 2707007

Website : www.bethelmedicalservices.org

Reg. R. N. 36077/1987 **Suvishesha Nadam** Vol. 31
Registrerd No. KL/MVK/435/2009-2011 Issue No. 4

ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ
കേരളാസ്റ്റേറ്റ്

89-ാമത്

the BIG move

# ജനറൽ കൺവൻഷൻ

## ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം, തിരുവല്ല

## 2012 ജനുവരി 16 മുതൽ 22 വരെ

കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിപ്പിൻ...

പാസ്റ്റർ എം. കുഞ്ഞപ്പി,
സ്റ്റേറ്റ് ഓവർസിയർ



**മറിയപ്പള്ളി ദൈവസഭാ ബെഥേൽ ഹാൾ ഉദ്ഘാടനം**

ഇൻഡ്യാ ദൈവസഭാ മറിയപ്പള്ളി ബെഥേൽ ഹാളിന്റെ ഉദ്ഘാടനം 26.03.2011 ശനിയാഴ്ച സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ പി. സി. ചെറിയാൻ, ജോസ് ബേബി, സജി ജോർജ്ജ്, തോമസ് എം. പുളിവേലിൽ, ബേബി എബ്രഹാം, പി. കെ. ജോൺസൺ, ബ്രദർ കെ. വി. ഫിലിപ്പ്, സഭാ സെക്രട്ടറി ജോസഫ് മാത്യു, ഡിസ്ട്രിക്റ്റ് പാസ്റ്റർ വി. പി. തോമസ് സഭാപാസ്റ്റർ വി. എം. തോമസ് എന്നിവർ സമീപം.

Printed, Published by Pastor K.A. Oommen on behalf of Gospel Voice Publishers, Published from Mount Zion, Mulakuzha, Chengannur, Alleppey - 689505 and printed at Carmel Press, House No. 11/176, Near Kaviyoor Evening Market, Njalbhagom Muri, Pathanamthitta Dist - 689629 Editor P.I. Abraham